# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/P3/712/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/ALP/P3/712/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 27-06-2022 | 02-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-06-2022 | 02-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ജയകൃഷ്ണ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ദീപ കെ ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിന്ധ്യ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സി.എസ്.സുജാത | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| എസ്.സുരേഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ദീപ്തി നായർ | സെക്രട്ടറി | 01-04-2020 | 18-06-2020 |
| നിഷ.എൻ.തയ്യിൽ | സെക്രട്ടറി | 19-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മഹേശ്വരി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. രേഖ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| സവിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.അഞ്ചു ശ്രീധരൻ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.അനീഷ്.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഉമ്മർകുഞ്ഞ് എം | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | 01-04-2020 | 31-03-2021 |
| സിന്ധു.ഒ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ധന്യ.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| കവിത ആർ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഷാമില എൻ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഗീത എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| റസീന ബീവി | ഫിഷറീസ് ഇൻസ്പെക്ടർ. | 01-04-2020 | 20-03-2021 |
| അരുൺ | ഫിഷറീസ് ഇൻസ്പെക്ടർ. | 20-03-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ റിപ്പോർട്ട്<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-9 |
| 11 | രസീതു പരിശോധന -288/-രൂപ തിരികെ അടച്ചു<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-10 |
| 12 | വാതിൽപ്പടി സേവനത്തിന്റെ ഉപയോഗത്തിനായി വാങ്ങിയ രസീത് ബുക്കുകൾ ഹരിതകർമ്മസേനാംഗങ്ങൾ പിരിവിനായി ഉപയോഗിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 03-07-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 06-07-2022) | 1-11 |
| 13 | പെട്രോൾ പമ്പുകളുടെ കാനോപി ഏരിയ അസസ്സ്മെന്റ് സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 1-12 |
| 14 | ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 1-13 |
| 15 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-14 |
| 16 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച് | 1-15 |

| | | |
|---|---|---|
| | Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | |
| 17 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണിച്ചർ -വാങ്ങൽ നടപടികളിൽ വീഴ്ച - 150000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-16 |
| 18 | സ്ട്രീറ്റ് ലൈറ്റ് പുതിയത് സ്ഥാപിക്കൽ -അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 1-17 |
| 19 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തുക 33002/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-18 |
| 20 | സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 06-07-2022) | 1-19 |
| 21 | സ്കൂളുകളുടെ അടിസ്ഥാന സൗകര്യം - വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യതയില്ല<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 06-07-2022) | 1-20 |
| 22 | ബഡ്സ് സ്കൂളിന് അടിസ്ഥാന സൌകര്യ വികസനം – ഉപകരണങ്ങൾ വാങ്ങി രണ്ടര വർഷത്തിന് ശേഷവും സ്കൂൾ പ്രവർത്തനം ആരംഭിച്ചില്ല -<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-07-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 06-07-2022) | 1-21 |
| 23 | എം.എൻ.ആർ.ഇ.ജി.എ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച തൊഴുത്ത് രൂപമാറ്റം വരുത്തി ഫ്ലവർമില്ലാക്കിയത്-തുടർനടപടി വിവരം അറിയിക്കണം<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 06-07-2022) | 1-22 |
| 24 | സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ നിന്ന മരം മുറിച്ച് മാറ്റിയതിന് പഞ്ചായത്ത് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചിരിക്കുന്നു .<br>Written By: Sindhya.P (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-23 |
| 25 | ജൈവവൈവിദ്ധ്യ പ്രജനന കേന്ദ്രം - പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-07-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 06-07-2022) | 1-24 |
| 26 | വെള്ളക്കരം -കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നില്ല .<br>Written By: Sindhya.P (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-25 |
| 27 | പാലിന് സബ്സിഡി -അപാകത സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-26 |
| 28 | മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു- 16467/-രൂപയുടെ ചെലവ് തടസ്സം<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-27 |
| 29 | റിസോഴ്സ് പേഴ്സണ് ഓണറേറിയം-വിശദാംശങ്ങൾ ഇല്ല<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-28 |
| 30 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ല - മോണിട്ടറിംഗ് അനിവാര്യം.<br>Written By: Sindhya.P (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-29 |

| | | |
|---|---|---|
| 31 | അംഗൻവാടി വയറിംഗ് -അധിക തുക തിരിച്ചടച്ചു: ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Jayakrishna R (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-30 |
| 32 | ടാർ വില്പയുടെ വിലയോടൊപ്പം ജി.എസ്സ്.ടി ഈടാക്കിയില്ല<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-31 |
| 33 | ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചില്ല<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 1-32 |
| 34 | കൊപ്പാറ മാലി റോഡിൽ കൊപ്പാറ മുതൽ മാലി വരെ റോഡ് ടാറിംഗ് , So112/21- തുക വകയിരുത്താതെയുള്ള ചെലവ്<br>Written By: Sajitha Das (Audit Officer (HG), On 03-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-33 |
| 35 | ഊട്ടുപറമ്പ് കുറിച്ചിക്കൽ റോഡ് റീ-ടാറിംഗ്, So048/20- പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല<br>Written By: Sajitha Das (Audit Officer (HG), On 03-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-34 |
| 36 | പരസ്യച്ചാർജ്ജ് -നിശ്ചിത വലുപ്പത്തിൽ അധികരിച്ച് പരസ്യം നൽകിയിരിക്കുന്നു .<br>Written By: Sindhya.P (Asst. Audit Officer, On 03-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-35 |
| 37 | ഹരിതകർമ്മസേന – പ്രവർത്തന അവലോകനം<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-07-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 06-07-2022) | 1-36 |
| 38 | അങ്കണവാടി - ഭൗതിക സാഹചര്യം<br>Written By: Sindhya.P (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-37 |
| 39 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - അവലോകനം<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-38 |
| 40 | കോവിഡ് -19 പ്രതിരോധ പ്രവർത്തനം -അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ നിന്ന മരം മുറിച്ച് മാറ്റിയതിന് പഞ്ചായത്ത് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചിരിക്കുന്നു .<br>Written By: Sajitha Das (Audit Officer (HG), On 04-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്‌ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| | Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-07-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A.P.Shibu (Senior Grade Auditor, On 02-07-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 02-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 17/03/2020 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 250914000 | 250251236 |
| വാർഷിക കണക്ക് പ്രകാരം | 191835355 | 198359025 |

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിൽ 14.10.2020 പ്രാബല്യത്തിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ നിലവിൽ വന്നു. വാർഷിക ധനകാര്യപത്രിക 31.07.21 ൽ തന്നെ ഓഡിറ്റിന് സമർപ്പിച്ചിരുന്നുവെങ്കിലും എയിംസ് സോഫ്റ്റ്‌വെയറിൽ 02.07.22 ലാണ് ലഭ്യമാക്കിയത്.

### 1-2-1 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-

1.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 മുതലുള്ള ഡെപ്പോസിറ്റുകൾ നിലനിർത്തിപ്പോരുന്നതായി കാണുന്നു. മൂന്ന് വർഷത്തിലേറെയായി കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാതെ വാർഷിക കണക്കിൽ തുടർന്ന് വന്നിരുന്നു. ഇവ 2021-22 ൽ മുതൽക്കൂട്ടിയതായി അറിയിച്ചിട്ടുണ്ട്.

2.ചുവടെ ചേർക്കുന്ന ഇനങ്ങളിൽ വാർഷിക കണക്കുകളും ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ലെന്ന് കാണുന്നു:-

| ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | മറുപടി |
|---|---|---|---|
| ഇലക്ഷൻ ഡെപ്പോസിറ്റ് വരവ് | 69000 | 37000 | അബ്സ്ട്രാക്റ്റ് എഴുതിയതിൽ വന്ന പിശകാണ്. നിലവിൽ തിരുത്തിയിട്ടുണ്ട്. |
| മറ്റ് ഡെപ്പോസിറ്റ് വരവ് | 39900 | - | ഐ.എൽ.ജി.എം.എസ്- തുടക്ക സമയത്ത് കൃത്യമായ ഹെഡ് ഇല്ലാതെ വന്നതിനാൽ താല്ക്കാലികമായി ടി ഹെഡിൽ രസീത് ആക്കിയതാണ്. |
| ഇലക്ഷൻ ഡെപ്പോസിറ്റ് തിരിച്ച് നല്കിയത് | 32000 | - | അബ്സ്ട്രാക്റ്റ് എഴുതിയതിൽ വന്ന പിശകാണ്. നിലവിൽ തിരുത്തിയിട്ടുണ്ട്. |
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി തിരിച്ച് നല്കിയത് | - | 2600 | ചെലവ് യഥാർത്ഥത്തിൽ വന്നിട്ടുള്ളതാണ്.ഐ.എൽ.ജി.എം.എസ്- തുടക്ക സമയത്ത് Amount Payable To Other Creditorsഎന്ന ഹെഡിൽ നിന്നാണ് Payment വന്നിട്ടുള്ളത്. |
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി- നീക്കിയിരിപ്പ് | 28650 | 22400 | ടി വ്യത്യാസം 2021-22വർഷം തിരുത്തിയിട്ടുള്ളതാണ്. |
| സപ്ലൈയേഴ്സ് റിട്ടൻഷൻ | 126325 | 117845 | തെറ്റായി ഹെഡ് സെലക്റ്റ് ചെയ്തതിനാലാണ് പിശക് വന്നിട്ടുള്ളത്. 2021-22ൽ തിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| മറ്റ് ഡെപ്പോസിറ്റ് നീക്കിയിരിപ്പ് | - | 39900 | ഐ.എൽ.ജി.എം.എസ്- തുടക്ക സമയത്ത് കൃത്യമായ ഹെഡ് ഇല്ലാതെ വന്നതിനാൽ താല്ക്കാലികമായി ടി ഹെഡിൽ രസീത് ആക്കിയതാണ്. |

3.എ) അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയത് പ്രകാരം ചുവടെ ചേർക്കുന്ന വ്യത്യാസങ്ങൾ വാർഷിക കണക്കുകളുമായി കാണുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | മറുപടി |
|---|---|---|---|
| മറ്റ് അഡ്വാൻസുകൾ ക്രമപ്പെടുത്തൽ | 5300 | - | തൊഴിലുറപ്പ് വിഭാഗം എ.ഇ-യുടെ ഇ.എൽ.സറണ്ടർ തുക 300അധികം കൈപ്പറ്റിയതാണ് തുടർന്ന് പോന്നിരുന്നത്. ആയത് ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തിരുത്തിയിട്ടുണ്ട്. പോളിങ് സ്റ്റേഷൻ ക്രമീകരണത്തിന് എടുത്ത 5000 രൂപ ക്രമീകരിച്ചിരുന്നതാണ്, ആയത് എ.എഫ്.എസ്-ൽ തെറ്റായി തുടർന്ന് വന്നതാണ്. |
| പെർമനന്റ് അഡ്വാൻസ്, ഇംപ്രസ്റ്റ് ക്രമപ്പെടുത്തൽ | 1364 | - | 2021-22 വർഷം ടി തുകകൾ ക്രമപ്പെടുത്തിയിട്ടുണ്ട്. |
| അഡ്വാൻസ് ടു അദേഴ്സ് ക്രമപ്പെടുത്തൽ | 1049882 | 200000 | പിന്നീട് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു |
| അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് ക്രമപ്പെടുത്തൽ | 1114256 | - | പിന്നീട് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു |
| ഉത്സവ അഡ്വാൻസ് നീക്കിയിരിപ്പ് | 15000 | - | ഐ.എൽ.ജി.എം-എസിലെ അപാകത മൂലമാണ് ഇങ്ങനെ കാണുന്നത്. 2021-22 എ.എഫ്.എസ്-ൽ ജെ.വി ചെയ്ത് കൃത്യമാക്കി. |
| പെർമനന്റ് അഡ്വാൻസ്, ഇംപ്രസ്റ്റ് നീക്കിയിരിപ്പ് | 700 | - | 2021-22 വർഷം ടി തുകകൾ ക്രമപ്പെടുത്തിയിട്ടുണ്ട്. |
| അദർ അഡ്വാൻസ് നീക്കിയിരിപ്പ് | 300 | - | തൊഴിലുറപ്പ് വിഭാഗം എ.ഇ-യുടെ ഇ.എൽ.സറണ്ടർ തുക 300/- അധികം കൈപ്പറ്റിയതാണ് തുടർന്ന് പോന്നിരുന്നത്. നിലവിൽ അപാകത പരിഹരിച്ചു. |

ബി) 136018/-രൂപ വർഷങ്ങളായി നിർവ്വഹണ എജൻസിയിൽ (കേരള വാട്ടർ അതോറിറ്റി) ഡെപ്പോസിറ്റ്

തുടരുന്നതായി(ബി-18പ്രകാരം) കാണുന്നു. മുൻവർഷവും ഇതേ തുക നീക്കിയിരിപ്പുണ്ടായിരുന്നു. പ്രവർത്തി 04/2022-ൽ പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്.

4.ആസ്തിരജിസ്റ്റർ മൂല്യം അടിസ്ഥാനപ്പെടുത്തി കാലികമാക്കി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങളുടെ കൃത്യത ബോദ്ധ്യമാകുന്നില്ല.

5.പ്രോപ്പർട്ടി ടാക്സ് വരവ് കൃത്യത പരിശോധിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ സ്റ്റേറ്റ്മെന്റ് /ഡിമാന്റ് -കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയത് പ്രകാരം ചുവടെ ചേർക്കുന്ന വ്യത്യാസങ്ങൾ കാണുന്നു, വിശദീകരിക്കേണ്ടതാണ്:

| ഇനം | വാർഷിക കണക്കിൽ | സഞ്ചയ സ്റ്റേറ്റ്മെന്റിൽ |
|---|---|---|
| Receivable Property Tax(residential& Non Residential )Current, ആർ.പി പ്രകാരം, | 2717880 | 2717295 |

കൂടാതെ, ഇൻകം& എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വസ്തുനികുതി(താമസ, താമസേതര)ഡിമാന്റ് 2788436/-രൂപയാണ്. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് 2811559/-രൂപയാണ്. അപാകത പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

6.വാർഷിക കണക്ക് (I-6)പ്രകാരം എം.എൻ.ആർ.ഇ.ജി.എ ഇനത്തിലുള്ള ചെലവ് 75988063/-ആണ്. ക്യാപ്പിറ്റൽ റിസർവ് ലെഡ്ജർ പ്രകാരം ടി ഇനത്തിലുള്ള തുക 12330282/-ഉൾപ്പെടെ ആകെ ചെലവ് 88318345/- ആണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എ വിഭാഗത്തിൽ നിന്ന് ഹാജരാക്കിയ കണക്ക് പ്രകാരം ഇത് 88491721/-രൂപയും ആണ്. വ്യത്യാസം വിശദീകരിക്കേണ്ടതുണ്ട്.

7.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട് (ജനറൽ, എസ്.സി.പി) വരവിൽ, സർക്കാർ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുകകൾ ഉൾപ്പെടുത്തിയിട്ടില്ല, ചെലവിൽ സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെയുള്ള തുക വരുന്നതായും കാണുന്നു, അതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി കാണുന്നു.

8.ഗ്രാമപഞ്ചായത്തിൽ 14.10.2020-ൽ ഐ.എൽ.ജി.എം.എസ് ആരംഭിച്ചിട്ടുണ്ട്. സാംഖ്യ നീക്കിയിരിപ്പ് തുകകൾ, ഐ.എൽ.ജി.എം.എസ്-മുന്നിരിപ്പിലേക്ക് പൊരുത്തപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ എൻട്രികളിൽ വ്യാപകമായ പൊരുത്തക്കേടുകൾ കാണുന്നു. ILGMS 14.10.20-ൽ നിലവിൽ വന്നെങ്കിലും ടി തീയതി വരെയുള്ള നീക്കിയിരിപ്പ് എൻട്രി വരുത്താനുള്ള സൌകര്യം 2021 മാർച്ചിന് ശേഷമാണ് ലഭിച്ചതെന്നും, സാംഖ്യ സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരുന്ന പല ഹെഡ്ഡുകളും ലഭിക്കാതിരുന്നതും ഹെഡ് കോഡ് നമ്പരിന്റെ വ്യത്യാസവും അനുയോജ്യമായ ഹെഡിലേക്ക് നീക്കിയിരിപ്പ് തുക കൃത്യമായി രേഖപ്പെടുത്തുന്നതിന് തടസ്സമായി എന്നും മറുപടിയിൽ അറിയിച്ചു.

എ)ബാലൻസ് ഷീറ്റ് (Abstract) പ്രകാരമുള്ള വ്യത്യാസങ്ങൾ-

| ഇനം/വിവരണം | സാംഖ്യ നീക്കിയിരിപ്പ് | ഐ.എൽ.ജി.എം.എസ് മുന്നിരിപ്പ് |
|---|---|---|
| Municipal/Panchayat (General)Fund (Liabilities) | 3075652 | -370530 |
| Grants, Funds&Contributions For Specific Purposes (Liabilities) | 13311058 | 12730278 |
| Other Liabilities | 625030.70 | 1208764 |
| Fixed Assets | 81201594 | 701065 |
| Sundry Debtors-receivables (Assets) | 2828561 | 2705381 |

വ്യത്യാസം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി)ആർ.പി.സ്റ്റേറ്റ്മെന്റ് (Abstract)പ്രകാരമുള്ള വ്യത്യാസങ്ങൾ-അവയ്ക്ക് നല്കിയ മറുപടി

| ഇനം/വിവരണം | സാംഖ്യ നീക്കിയിരിപ്പ് | ഐ.എൽ.ജി.എം.എസ് മുന്നിരിപ്പ് | മറുപടി |
|---|---|---|---|

| | | | |
|---|---|---|---|
| Loans, Advances And Deposits(Receipt Side) | 1738156 | 1716756 | NEFTറിട്ടേൺ വന്നത് സാംഖ്യയിൽ വരവ് വന്നതാണ് വ്യത്യാസം. |
| Administrative Expenses(payment Side) | 680746 | 710746 | മേൽ പരാമർശിച്ച NEFTറിട്ടേൺ സാംഖ്യയിൽ ക്രമീകരിച്ചതാണ് വ്യത്യാസം. |
| Operations &Maintenance | 1086066 | 1082566 | 3500/-വ്യത്യാസം ആർ.പി.18ൽ വന്നിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്-ൽ ക്രമപ്പെടുത്തിയതാണ്. |
| Decentralised Plan Programme-productive Sector | 4978439 | 7215664 | എല്ലാ ഹെഡുകളിലുമായുള്ള ആകെ വ്യത്യാസം 66476/-സാംഖ്യയിൽ Total Poverty Alleviation-ൽ വന്നിട്ടുള്ളതാണ്. ഐ.എൽ.ജി.എം.എസിൽ ക്രമപ്പെടുത്തിയതാണ്. സമാനമായ ഹെഡുകളില്ലാതെ വന്നത് മൂലമാണ് ഇപ്രകാരം ക്രമീകരിക്കപ്പെട്ടത്. |
| Decentralised Plan Programme-service Sector | 5337102 | 6711131 | |
| Decentralised Plan Programme-infrastructure Sector | 3333833 | 2637598 | |
| Grants, Contributions& Compensations From Own Fund | 51000 | 90976 | സമാനമായ ഹെഡുകളില്ലാതെ വന്നത് മൂലമാണ് ഇപ്രകാരം ക്രമീകരിക്കപ്പെട്ടത്. ആശാൻ ഗ്രാന്റ് 21000/-, പെർഫോമൻസ് യൂണിറ്റ് സംഭാവന 30000/-, Poverty Alleviation 69976/-രൂപ വീതമാണ് ക്രമീകരിച്ചത്. |
| Other Liabilities | 744656 | 3216794 | സാംഖ്യ Payment SideRP36-കൂടി കണക്കിലെടുത്താൽ തുക തുല്യമാണ്. |
| Loans Advances And Deposits | 1877397 | 1855997 | NEFTറിട്ടേൺ വന്നത് സാംഖ്യയിൽ വരവ് വന്നതാണ് വ്യത്യാസം. |

സി)ഐ&ഇ സ്റ്റേറ്റ്മെന്റ് (Abstract)പ്രകാരമുള്ള വ്യത്യാസങ്ങൾ-അവയ്ക്ക് നല്കിയ മറുപടി

| ഇനം/വിവരണം | സാംഖ്യ നീക്കിയിരിപ്പ് | ഐ.എൽ.ജി.എം.എസ് മുന്നിരിപ്പ് |
|---|---|---|
| Administrative Expenses | 680746 | 710746 |
| Operations&maintenance | 1236066 | 1232566 |
| Decentralised Plan | 4978439 | 5043439 |

| | | |
|---|---|---|
| Programme-productive Sector | | |
| Decentralised Plan Programme-service Sector | 6982117 | 105288371 |
| Decentralised Plan Programme-infrastructure Sector | 3333833 | 2637598 |
| Decentralised Plan Programme-projects Not Included In Sector Division | 1924401 | 69976 |
| Grants, Contributions And Compensations From Own Fund | 51000 | 21000 |

രസീത്& പേയ്മെന്റിൽ വന്ന വ്യത്യാസങ്ങളും സോഴ്സ് ഡിഡക്ഷനിലെ വ്യത്യാസവുമാണ് ഇവിടെ വന്നിട്ടുള്ളതെന്ന് മറുപടി നല്കി.

9.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2020-21 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)മുൻവർഷത്തെ താരതമ്യതുകകൾ.

(ഓഡിറ്റ് അന്വേഷണം. നം.2ന് ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ച് തയ്യാറാക്കിയത്)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20774927 |
| വരവ് | 70371652 |
| ആകെ | 91146579 |
| ചെലവ് | 67507198 |
| നീക്കിയിരിപ്പ് | 23639381 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ നിരാകരിച്ച തുക | 4500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1068649 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | എസ് ഡി | പ്രോജക്ട് ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 17570760 | 2895376 | 14675383 | 17570759 | 1 |
| വികസനഫണ്ട് എസ്.സി പി | 4497600 | 117255 | 4172010 | 4289265 | 208335 |
| വികസനഫണ്ട് ടി എസ് പി | 1380000 | 0 | 29000 | 29000 | 109000 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 4746000 | 0 | 4701354 | 4701354 | 44646 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 5831000 | 58978 | 5772022 | 5831000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 12039104 | 0 | 5950068 | 5950068 | 6089036 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 5810000 | 0 | 2501150 | 2501150 | 3308850 |

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 136 | 98485187 | 100 | 51357005 | 12 | 24 | 52.14 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1092366 | 2608056 | 3700422 | 3370103 | 330319 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 1092000 | 88597000 | 89689000 | 88491000 | 1198000 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 205080 | 145 |
| കർഷകതൊഴിലാളി പെൻഷൻ. | 14615700 | 10980 |
| വിധവാ പെൻഷൻ | 13052300 | 9331 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ. | 23167400 | 18138 |
| വികലാംഗ പെൻഷൻ. | 4944300 | 3854 |
| അവിവാഹിത പെൻഷൻ. | 708000 | 513 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ റിപ്പോർട്ട്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-06-22, 2.44 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 966/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണെങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പുതിയ ഭരണ സമിതി നിലവിൽ വന്ന ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

3.പ്രൊക്യൂർമെന്റ് കമ്മറ്റി കൂടുന്നുണ്ടെങ്കിലും മുൻവർഷങ്ങളിൽ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് പല വാങ്ങലുകളും നടത്തിയിട്ടുള്ളത്.( പാരാ. കാണുക)

4. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

6.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 രസീതു പരിശോധന -288/-രൂപ തിരികെ അടച്ചു

കരുവാറ്റ ഗ്രാമപഞ്ചായത്തിലെ രസീതുകൾ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന രസീതു പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വെച്ചിരുന്നില്ല. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | രസീത് ബുക്ക് നം | രസീത് നം | തുക |
|---|---|---|---|
| 1 | 27064 | 91/16-11-21 | 288 |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/28-06-22 ന് നൽകിയ മറുപടിയിൽ ടി തുക രസീത് നം 1220100864/G040904/30-06-22 പ്രകാരം തിരികെ അടയ്ക്കുകയും ക്യാമ്പ് കളക്ഷനിൽ വന്ന തിരക്ക് മൂലം രസീത് കളക്ഷൻ രജിസ്റ്ററിൽ പോസ്റ്റ് ചെയ്യാൻ വിട്ടു പോയതാണെന്നും അറിയിച്ചിട്ടുണ്ട്. രസീതുകൾ കളക്ഷൻ രജിസ്റ്ററിൽ കൃത്യമായി പോസ്റ്റ് ചെയ്ത് തുക പഞ്ചായത്ത് അക്കൗണ്ടിൽ കൃത്യമായി അടയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-11 വാതിൽപ്പടി സേവനത്തിന്റെ ഉപയോഗത്തിനായി വാങ്ങിയ രസീത് ബുക്കുകൾ ഹരിതകർമ്മസേനാംഗങ്ങൾ പിരിവിനായി ഉപയോഗിച്ചു

10.06.2022 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 4-ാം നമ്പർ തീരുമാനപ്രകാരം 08/06/2022 തീയതിയിലെ സ്റ്റിയറിംഗ് കമ്മറ്റി തീരുമാനങ്ങൾ അംഗീകരിച്ച് ചുവടെ ചേർക്കും പ്രകാരം പഞ്ചായത്ത് ഓഫീസിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അലമാരയിൽ സൂക്ഷിച്ചിരുന്ന വാതിൽപ്പടി സേവനത്തിനുള്ള 11 രസീത് ബുക്കുകൾ മോഷണം പോയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കമ്മറ്റി ചർച്ച ചെയ്യുവെന്നും വിവരം പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഗ്രാമലക്ഷ്മിയിൽ നിന്ന് നിയമാനുസരണം രസീത് ബുക്കുകൾ വാങ്ങാമെന്നിരിക്കെ പഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയില്ലാതെ ഹരിതകർമ്മസേന സ്വന്തമായി രസീത് ബുക്കുകൾ പ്രിൻറ് ചെയ്യിച്ച നടപടിക്കെതിരെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ചാർജ്ജ് ഓഫീസറിൽ നിന്നും വിശദീകരണം വാങ്ങുന്നതിനും തീരുമാനിച്ചിട്ടുള്ളതായും കാണുന്നു. മേൽ വിഷയത്തിൻമേലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 29/02-07-2022 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കൺസോർഷ്യം സെക്രട്ടറി സിന്ധുവിനേയും 5-ാം വാർഡിലെ ഹരിതകർമ്മ സേനാംഗം ബീനയുമാണ് വാതിൽപ്പടി സേവനത്തിനായുള്ള രസീത് ബുക്കുകൾ ഉപയോഗിച്ച് പണപിരിവ് നടത്തിയതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17.6.22 ൽ കൂടിയ കൺസോർഷ്യം യോഗത്തിൽ ഇവരെ പുറത്താക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. കൂടാതെ കൺസോർഷ്യം യോഗത്തിലെ തീരുമാനം 28.6.22 ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതായും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൻ മേലുള്ള തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഹരിതകർമ്മസേനയ്ക്ക് യൂസർഫീ പിരിയ്ക്കുന്നതിനായി 200 രസീത് ബുക്കുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങിയിട്ടുള്ളതായും 100 ബുക്കുകൾ സന്ധ്യ പ്രസ്സ്, തോട്ടപ്പള്ളിയിൽ നിന്നും പ്രിന്റ് ചെയ്യിച്ചിട്ടുള്ളതായും വി.ഇ.ഒ. അറിയിച്ചിരുന്നു. ഇവയുടെ സ്റ്റോക്ക് വിവരം ഉൾപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതിൽ വെട്ടി തിരുത്തലുകൾ വരുത്തിയിട്ടുള്ളതായും പശ ഉപയോഗിച്ച് പേജുകൾ ഒട്ടിച്ച് ചേർത്തും രസീത് ബുക്കുകൾ ക്രമനമ്പർ പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകുന്നില്ലെന്നും കണ്ടു. ഹരിതകർമ്മസേനയുടെ കാഷ് ബുക്ക് കൃത്യമായി പരിപാലിയ്ക്കാത്ത സാഹചര്യത്തിലും വാതിൽപ്പടി സേവനത്തിന്റെ രസീതുകൾ ഉപയോഗിച്ച് പിരിവ് നടത്തിയ സാഹചര്യത്തിലും വരവ് തുകകൾ കൃത്യമായി ഹരിതകർമ്മസേനയുടെ അക്കൌണ്ടിലേക്ക് വരവ് വന്നിട്ടുണ്ടെന്ന് ഉറപ്പാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-12 പെട്രോൾ പമ്പുകളുടെ കാനോപി ഏരിയ അസസ്സ്മെന്റ് സംബന്ധിച്ച്

കരുവാറ്റ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2 ഫ്യൂവൽ സ്റ്റേഷനുകളാണുള്ളത്. ഫ്യൂവൽ സ്റ്റേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| 1 | ശ്രീദേവി പ്രസന്നൻ നായർ 14/364 ശ്രീസ് പെട്രോളിയം, കരുവാറ്റ | 29 M2 | 540 |

| | | | |
|---|---|---|---|
| | | | |
| 2 | ഡിവിഷണൽ മാനേജർ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, തിരുവനന്തപുരം,15/62 | 66M2 | 1512 |

ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 60 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്. സംസ്ഥാനപാതകൾക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാമെന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. കാനോപ്പി ഏരിയയ്ക്ക് വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 26/01-07-22 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കേണ്ടതാണ്.

## 1-13 ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 232, 232(1), 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിൽ പലതും ലൈസൻസ് എടുത്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | പേര്, മേൽവിലാസം | സഞ്ചയയിലെ ഉപയോഗക്രമം |
|---|---|---|
| 1 | മുഹമ്മദ് കുഞ്ഞ്<br>ലൈല നിവാസ്<br>5/139 | ഇഷ്ടിക ചൂള |
| 2 | രാജൻ വർഗ്ഗീസ്<br>അനുഗ്രഹ,കരുവാറ്റ,,5/39 | കശുവണ്ടി ഫാക്ടറി ഷെഡ് |
| 3 | തോമസ് വർഗ്ഗീസ്, പാരയിൽ, കരുവാറ്റ<br>5/187 | സ്റ്റോറേജ് ഷെഡ് |
| 4 | ഹെലൻ ഹക്കിം,<br>തോപ്പിൽ ബംഗ്ളാവ്,കരുവാറ്റ,5/446/A | സ്റ്റോറേജ് ഷെഡ് |
| 5 | രഞ്ജിത്ത്കുമാർ,<br>മണിച്ചേരിൽ,കരുവാറ്റ<br>6/46/B | സ്റ്റോറേജ് ഷെഡ് |
| 6 | രാധ, തോട്ടത്തിൽ, കരുവാറ്റ, 6/321/B | സ്റ്റോറേജ് ഷെഡ് |

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 23/01-07-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് എടുക്കാതെയും തൊഴിൽ

നികുതി, സ്ഥാപന നികുതി എന്നിവ ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തനത് വരുമാനത്തിൽ വലിയ നഷ്ടമുണ്ടാക്കും. ലൈസൻസെടുക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസെടുക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്ത് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി 2015-16 മുതൽ നാളിതുവരെ ഒടുക്കിയ തുക തിരികെ ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, തുക തിരികെ ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തിലേക്ക് 26.05.22 ൽ കത്ത് അയച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. മറുപടിയോടൊപ്പം ലഭ്യമാക്കിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2017-18 | 4710 |
| 2018-19 | 97746 |
| 2019-20 | 19455 |
| 2020-21 | 34843 |
| 2021-22 | 13350 |
| | 170104 |

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന നിർദ്ദേശാനുസരണം അക്കൗണ്ട് ആരംഭിച്ചുവെന്നും മറുപടി നൽകി. 2015-16 വർഷം മുതൽ നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-15 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച്

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കാളിൽ ചിലർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ

| ക്രമ നം | പെൻഷൻ ഐഡി നം | പേര്, മേൽവിലാസം | പി.പി.ഒ നം& ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | പ്രകാരം | | |
| 1 | 104760200485 | സരസ്വതി, കാട്ടാളത്ത് വീട് കരുവാറ്റ | CGR/6546 ഹരിപ്പാട് | 18800 | | 18800 |
| 2 | 104770201695 | സരസ്വതിയമ്മാൾ വിനുഭവനം, കരുവാററ പി.ഒ | KO/17012 /ഒറീസ്സ | 8500 | | 8500 |
| 3 | 104770400306 | പ്രീതി കൊച്ചുകളത്തിൽ,കരുവാറ്റ | 86232607 ഹരിപ്പാട് | 72500 | | 72500 |

23/01/2020 ലെ 07/2020 നം സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/30-06-22 ന് ലഭിച്ച മറുപടിയിൽ മേൽ ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതാണെന്നും ടി വിവരങ്ങൾ ഹരിപ്പാട് സബ് ട്രഷറിയിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിയ്ക്കുന്നത്. മേൽ വ്യക്തികൾ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ -വാങ്ങൽ നടപടികളിൽ വീഴ്ച - 150000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിൽ (പ്രോ.നം.100/21)ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 150000/-രൂപ ചെലവായിട്ടുണ്ട്. ബിൽ റഫ.നം.20070652013900444677/19.8.20 പ്രകാരം 150000/-പിൻവലിച്ചതിൽ 2250/- ഇൻകം ടാക്സ് കുറച്ച് 147750/-ജോയ്.കെ.കെ, ബെഥേൽ ഫർണ്ണീച്ചർ എന്ന വ്യക്തിക്ക് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്തു നല്കി. ചുവടെ ചേർക്കുന്ന ഇനങ്ങളാണ് വാങ്ങിയത്:-

1.എക്സിക്യൂട്ടീവ് ചെയർ(ശീലാന്തി വുഡ്) 5 എണ്ണം, 50000/-

2.മെമ്പർമാരുടെ ടേബിൾ(ലാമിനേഷൻ ബോർഡ്) 11 എണ്ണം, 70004/-രൂപ

3.ചെയർമാന്മാരുടെ ടേബിൾ(ലാമിനേഷൻ ബോർഡ്) 3എണ്ണം, 30000/-രൂപ

സ്റ്റോർപർച്ചേസ് വകുപ്പിന്റെ ജി.ഒ(പി)7/2019/എസ്.പി.ഡി, 26.4.19 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള ചരക്ക്, സേവനങ്ങളുടെ വാങ്ങൽ GEM മുഖേന വേണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ പ്രോജക്ടിൽ ഒരു ലക്ഷം രൂപയിലധികമുള്ള വാങ്ങൽ നടത്തിയിട്ടും സ്റ്റോർപർച്ചേസ് മാന്വൽ 7.7പ്രകാരമുള്ള നിർദ്ദേശം പാലിച്ച് ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. കൊട്ടേഷൻ നോട്ടീസ് ഫയലിലില്ല. സ്പെസിഫിക്കേഷൻ വ്യക്തമല്ല. സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ എപ്രകാരമാണ് ക്വട്ടേഷനുകൾ താരതമ്യം ചെയ്തതെന്ന് വ്യക്തമല്ല. 2019-20 വർഷം എറ്റെടുത്ത പ്രോജക്ടിൽ ആണ് 2020-21 ൽ ഇപ്രകാരം ചെലവ് വന്നിട്ടുള്ളത്. നിർവ്വഹണത്തിന് ഒരു അടിയന്തിര സാഹചര്യമുള്ളതായി പരാമർശിച്ച് കാണുന്നില്ല. ഇത് സംബന്ധിച്ച് 01.07.202ലെ അടിയന്തിര കമ്മറ്റി 1(13)നമ്പർ തീരുമാന പ്രകാരം നടപടി ക്രമങ്ങളിൽ വന്ന വീഴ്ച ബോധ്യപ്പെട്ടതായി പരാമർശിച്ചു കാണുന്നുവെങ്കിലും ഇപ്രകാരം വീഴ്ച വന്ന സാഹചര്യം അവിടെയും വ്യക്തമല്ല. ജി.എസ്.ടി കുറയ്ക്കാതെയാണ് തുക നല്കിയിട്ടുള്ളത്, തുക നല്കപ്പെട്ട സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതാണോ എന്നത് ഉറപ്പാക്കിക്കാണുന്നുമില്ല. ഇത് സംബന്ധിച്ച് ടി സ്ഥാപനം തന്നെ 15.4.20-ൽ ഹാജരാക്കിയ സാക്ഷ്യപ്പെടുത്തൽ മാത്രമാണ് ഫയലിൽ ഉള്ളത്.

അപാകതകളിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം (നം.11) ന്, ചെലവ് നടന്ന സമയത്തെ സെക്രട്ടറി (ശ്രീമതി.നിഷ.എൻ.തയ്യിൽ) നല്കിയ മറുപടി, ടിയാൾ ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചത് 2020 ജൂൺ അവസാനമാണെന്നും, "പ്രോജക്ട് നടപ്പിലാക്കിയ സമയത്തെ ഉദ്യോഗസ്ഥ വരുത്തിയ വീഴ്ച മൂലം സപ്ലൈയർ എന്ന നിലയിൽ ഒരു സാധാരണക്കാരനായ ആൾക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്തും ലഭ്യമായ ഫർണ്ണീച്ചറിന്റെ ക്വാളിറ്റി പ്രോക്യൂർമെന്റ് കമ്മറ്റിയും ഭരണസമിതിയും ബോധ്യപ്പെട്ട് നിർദ്ദേശിച്ചതിനാലും മാത്രമാണ് സെക്രട്ടറി എന്ന നിലയിൽ തുക നല്കിയിട്ടുള്ളതെ"ന്നാണ്.

പ്രോജക്ട് ഫയൽ പ്രകാരം, 28.02.2020ലെ തീരുമാനം-1/5 പ്രകാരമാണ് കെ.കെ.ജോയി, ബെഥേൽ, ചെറുതന-യുടെ

കൊട്ടേഷൻ അംഗീകരിച്ചിട്ടുള്ളതെന്ന് കാണുന്നു. ടി സ്ഥാപനത്തിന് 06.03.2020 ൽ സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. ബെഥേൽ ഫർണ്ണീച്ചർ നല്കിയ ബില്ല് 15.04.2020 തീയതിയിലേതാണ്, സ്റ്റോക്കിലെടുത്തിട്ടുള്ളതും അതേ തീയതിയിലാണെന്ന് കാണുന്നു. ടി സാഹചര്യത്തിൽ നടപടിക്രമങ്ങളിൽ വീഴ്ചവരുത്തിയിട്ടുള്ളത് 28.02.2020-തീയതിയിൽ നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതല വഹിച്ചിട്ടുള്ള സെക്രട്ടറിയാണ് എന്ന് കാണുന്നു.

നടപടിക്രമങ്ങളിൽ വന്ന വീഴ്ച മൂലം ചെലവ് (150000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 സ്ട്രീറ്റ് ലൈറ്റ് പുതിയത് സ്ഥാപിക്കൽ -അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ, സ്ട്രീറ്റ് ലൈറ്റ് പുതിയത് സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ (പ്രോ.നം.99/21)1488870/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 1400000/-രൂപയും, ബിൽ റഫ.നം.20070652013900790041/30.11.20, തനത് ഫണ്ടിൽ നിന്ന് 88870/-രൂപയും) ചെലവായിട്ടുണ്ട്. പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു:-

1. പ്രോജക്ട് ഫയൽ അപൂർണ്ണമാണ്. ഇ ടെണ്ടർ ക്ഷണിച്ചത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ഫയലിൽ ഇല്ല. വൈദ്യുതി വിളക്കുകളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല. സ്ഥാപനത്തിന് തനത് ഫണ്ട് തുക 88870/-രൂപ നല്കിയ ചെക്ക്, വൌച്ചർ എന്നിവയുടെ പകർപ്പുകൾ, തുക കൈപ്പറ്റിയത് സംബന്ധിച്ച് സ്ഥാപനത്തിൽ നിന്നുള്ള രസീത് മുതലായവ ഹാജരാക്കിയിട്ടില്ല.

2.കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ടി സ്ഥാപനത്തിന് 10.2.20-ൽ സപ്ലൈ ഓർഡർ നല്കിക്കാണുന്നു. എന്നാൽ, സ്ഥാപനത്തിന്റെ ഉല്പന്നങ്ങളുടെ ഗുണനിലവാരം തദവസരത്തിൽ പരിശോധിച്ചിട്ടില്ലെന്ന് കാണുന്നു. ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ലഭ്യമായിട്ടുള്ളത് 02.12.2020-തീയതിയിലുള്ളതാണ്. വൈദ്യുതി വിളക്കുകൾ നന്നാക്കുന്നതിൽ തുടർച്ചയായി വീഴ്ചവരുത്തുന്ന ടി സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 28.09.21 ലെ 3/1 തീരുമാനം കാണുന്നു, ആയതിന്റെ തുടർനടപടി വിവരം ഫയലിൽ ഇല്ല.

03.11.2021 ലെ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള കത്ത് പ്രകാരം 310 ലൈറ്റുകൾ പുനസ്ഥാപിച്ചതായി കാണുന്നു. 3 വർഷ വാറന്റിയുള്ള ബൾബുകളിൽ നല്ലൊരുപങ്കും കുറഞ്ഞ കാലയളവിനകം കേടായി എന്നാണ് മനസ്സിലാക്കാവുന്നത്.

3.ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നുള്ള ഗ്രാമപഞ്ചായത്തിലേക്ക് അഡ്രസ് ചെയ്തിട്ടുള്ള വിവിധ തീയതികളിലെ ചുവടെ ചേർക്കുന്ന ഇൻവോയിസുകൾ പ്രകാരം ആകെ 1630 ബൾബുകളുടെ വിലയായി യൂണിറ്റിന് (ജി.എസ്.ടി, സെസ് ഉൾപ്പെടെ)1398/-വീതം 2278740/-രൂപയാണ് കാണുന്നത്.

| പ്രഫോർമ | എണ്ണം | തുക |
|---|---|---|
| Ues/1920/30379/10.3.20 | 250 | 349500 |
| Ues/1920/30380/10.3.20 | 250 | 349500 |
| Ues/2021/40004/11.5.20 | 565 | 789870 |
| Ues/2021/40010/14.5.20 | 300 | 419399.95 |
| Ues/2021/40011/14.5.20 | 265 | 370469.96 |
| | 1630 | |

എന്നാൽ പ്രോജക്ടിലെ ചെലവ് 1488870/- രൂപയാണ്(1065 ബൾബുകൾx1398രൂപ). 565 ബൾബുകൾക്കുള്ള 789870/-രൂപയുടെ വ്യത്യാസം കാണുന്നു. വിവിധ വാർഡുകളിൽ നിന്നുള്ള, വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടുകൾ പ്രകാരം 1065 എൽ.ഇ.ഡികളാണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്.

5.തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഓരോ വാർഡിലെയും പോസ്റ്റുകളുടെ നമ്പർ, പോസ്റ്റുകളിലുള്ള വൈദ്യുതി വിളക്കുകളുടെ വിശദാംശം എന്നിവ സഹിതം ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കപ്പെടുന്നില്ല. ടി കണക്കുകളുടെ അഭാവത്തിൽ ചെലവിന്റെ സാധുത അവ്യക്തമാണ്.

വിശദാംശങ്ങൾ ലഭ്യമല്ലാത്ത 88870/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തുക 33002/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹിച്ച വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ പ്രോജക്ടിൽ (നം.165/21) തനത് ഫണ്ടിൽ നിന്ന് 33002/-രൂപ ചെലവഴിച്ചു. ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി-യിൽ നിന്നുള്ള കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

തുക നല്കിയതിന്റെ വിശദാംശങ്ങൾ-

ചെക്ക് നം.035015/17.2.21, 24904/-രൂപ

& ചെക്ക് നം.035940/19.3.21, 8099/-രൂപ

## 1-19 സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഹെഡ് മാസ്റ്റർ, ജി.എം എൽ.പി.എസ് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂളുകളിലേയ്ക്ക് കളിയുപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 148500/- രൂപ എൻ.എൻ എന്റർപ്രൈസസ്, പള്ളിമുക്ക് എന്ന സ്ഥാപനത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 77/21 |
| പ്രോജക്ട് | സ്കൂളുകളിലേയ്ക്ക് കളിയുപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 150,000(മെയി.ഫണ്ട്- റോഡിതരം) |
| ഇൻവോയ്സ് നമ്പർ | ബിൽ നം 734/19/26-02-20 |
| ചെലവ് | 1,48,500/-<br>ബിൽ നമ്പർ 4 /20-21/17-08-20 |

ടി പദ്ധതി പ്രകാരം കളിയുപകരണങ്ങൾ വാങ്ങി കരുവാറ്റ ഗ്രാമപഞ്ചായത്തിലെ നോർത്ത് ഗവ.എൽ പി സ്കൂൾ, കുമാരപുരം വടക്ക് ഗവ.എൽ.പി സ്കൂൾ, ജി.എൽ.പി.എസ് കാരമുട്ട്, ഗവ.എൽ.പി സ്കൂൾ കരുവാറ്റ എന്നീ സ്കൂളുകൾക്ക് നൽകിയതായി കാണുന്നു. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ തീയതി 14.2.18 നമ്പർ ഉത്തരവിലെ ഖണ്ഡിക നം 7.3.3. ലെ പ്രകാരം കായികക്ഷമത വളർത്താനായി ക്ലാസ് ടീച്ചറുടെ സാന്നിധ്യത്തിൽ സ്കൂൾ പി.റ്റി പിരീഡിൽ കമ്മ്യൂണിറ്റി സ്പോർട്ട്സ് ലീഡേഴ്സിന്റെ/സ്പോർട്ട്സ് അക്കാഡമിയുടെ സഹായത്തോടെ പ്രത്യേകം രൂപകൽപ്പന ചെയ്ത സ്പോർട്ട്സ് ഉപകരണങ്ങൾ ഉപയോഗിച്ച് ചെയ്യണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ പ്രോജക്ട് നടപ്പാക്കിയത് ടി നിർദ്ദേശപ്രകാരമല്ല. കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള സ്പോർട്ട്സ് ഉപകരണങ്ങൾ അല്ല വാങ്ങിയിരിയ്ക്കുന്നത്. വളരെക്കുറച്ച് കളിസ്ഥലം മാത്രമുള്ള സ്കൂളിൽ (പ്രത്യേകിച്ച് പ്രീപ്രൈമറിയും,പ്രൈമറിയും മാത്രമുള്ളത്) ക്രിക്കറ്റ് ബാറ്റും, ഫുട്ബോൾ തുടങ്ങിയ ഉപകരണങ്ങളുടെ ആവശ്യകതയെന്തെന്ന് വ്യക്തമല്ല. സ്കൂളുകളിൽ നിന്നും സ്പോർട്ട്സ് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ച കൊണ്ടുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

പ്രീപ്രൈമറി, പ്രൈമറി വിദ്യാർത്ഥികൾ മാത്രമുള്ള സ്കൂളുകളിൽ പുഷ് അപ് ബാറും, വലിയ ക്രിക്കറ്റ് ബാറ്റും, പോലുള്ള പ്രായത്തിനനുയോജ്യമല്ലാത്ത ഉപകരണങ്ങളും, നീന്തൽക്കുളമോ നീന്തലിനുള്ള സൗകര്യങ്ങളോ ഇല്ലാത്ത സ്കൂളുകൾക്ക് ലൈഫ് ജാക്കറ്റ് പോലുള്ള ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. മാത്രമല്ല ഓരോ സ്കൂളിന്റെയും ഭൗതിക സാഹചര്യങ്ങൾ വ്യത്യസ്തമാണ്. സ്കൂളിലെ കുട്ടികളുടെ എണ്ണം, കളിസ്ഥലത്തിന്റെ വലിപ്പം, കുട്ടികളുടെ പ്രായം ഇവയൊന്നും പരിഗണിയ്ക്കാതെ എല്ലാ സ്കൂളുകൾക്കും ഒരേ പോലെ സാധനങ്ങൾ വാങ്ങി നൽകുകയായിരുന്നു

കരുവാറ്റ നോർത്ത് ജി.എൽ.പി.എസിൽ നടത്തിയ ഭൗതിക പരിശോധയിൽ കളിയുപകരണങ്ങളിൽ ഫുട്ബോൾ, കാരം ബോർഡ്, ഷട്ടിൽ ബാറ്റ്, ഡിസ്ക് എന്നിവ ഒഴികെയുള്ള ഉപകരണങ്ങൾ കവർ പോലും പൊട്ടിയ്ക്കാതെ അലമാരയിൽ സൂക്ഷിച്ചിരിയ്ക്കുന്നതായി കണ്ടു. കുട്ടികളുടെ പ്രായത്തിനനുയോജ്യമല്ലാത്തതിനാലാണ് പുഷ് അപ് ബാറും, ക്രിക്കറ്റ് ബാറ്റും പോലുള്ള ഉപകരണങ്ങൾ ഉപയോഗിയ്ക്കാത്തതെന്ന് ടി സ്കൂളിലെ നിലവിലെ ഹെഡ്മിസ്ട്രസ്സ് അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/20-21 ന് നൽകിയ മറുപടിയിൽ സ്കൂളിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ചാണ് ക്രിക്കറ്റ്ബാറ്റ് വാങ്ങി നൽകിയതെന്നും പുഷ് അപ് ബാർ 3,4 തലത്തിലെ കുട്ടികൾക്ക് ഉപയോഗിയ്ക്കാൻ പറ്റിയതാണെന്നും യോഗപരിശീലനം നിലവിൽ സ്കൂളിൽ നടപ്പിലാക്കികൊണ്ടിരിയ്ക്കുകയാണെന്നും ഇതിന് കുട്ടികളെ സജ്ജമാക്കാനുമാണ് ടി ഉപകരണം വാങ്ങിയതെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ലൈഫ് ജാക്കറ്റ് കുട്ടികളെ മുങ്ങിമരണങ്ങളിൽ നിന്ന് രക്ഷ നേടാനുള്ള ഉപകരണങ്ങളുടെ ഉപയോഗരീതി മനസ്സിലാക്കുവാനും വാട്ടർ തീം പാർക്കുകളിൽ ടൂർ പോകുമ്പോൾ കുട്ടികളെ ലൈഫ്ജാക്കറ്റണിയിച്ച് സുരക്ഷിതമായി നീന്തൽ പഠിപ്പിയ്ക്കുവാനും പ്രയോജനപ്പെടും എന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ടി മറുപടി അംഗീകരിയ്ക്കാവുന്നതല്ല.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.3 പ്രകാരം 1,00,000/-രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ടെണ്ടർ ക്ഷണിയ്ക്കേണ്ടതാണ്. എന്നാൽ മേൽ പദ്ധതികൾ നടപ്പാക്കിയപ്പോൾ ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. എന്നാൽ മേൽ എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ടി ഉപകരണങ്ങൾ വങ്ങാൻ പത്രപരസ്യം നൽകിയതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടുമില്ല.

സർക്കാർ ഉത്തരവ് ജി.ഒ(പി) 259/എൽ.എസ്.ജി.ഡി പ്രൊക്യർമെന്റ് മാന്വൽ ഖ.2.2 പ്രകാരം പ്രൊക്യർമെന്റ് സൈക്കിളിലെ ഏറ്റവും പ്രാധാന്യമുള്ള ഭാഗമാണ് ആവശ്യകത തിരിച്ചറിയൽ എന്നുള്ളത്. എന്നാൽ മേൽ പ്രോജക്റ്റ് നടപ്പാക്കിയപ്പോൾ 'ആവശ്യകത' എന്നുള്ളത് പരിഗണിച്ചിട്ടേയില്ല. പണം ചെലവഴിക്കൽ മാത്രമായി പദ്ധതി ഒതുങ്ങി. ഫിനാൻഷ്യൽ കോഡ് വോള്യം 40.സി,10 പ്രകാരം പൊതുപണത്തിന്റെ ദുർവിനിയോഗം ഒഴിവാക്കാൻ ശ്രമിക്കേണ്ടത് ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെയും ചുമതലയാണ്. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശത്തിനനുസൃതമായി പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്കൂളുകളുടെ അടിസ്ഥാന സൗകര്യം - വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യതയില്ല

ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എൽ.പി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കലും അറ്റകുറ്റപണിയും എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 92094/- രൂപ ചെലവഴിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 85/21 (സ്പിൽ ഓവർ പ്രോജക്ട്) |
| പ്രോജക്ട് | എൽ.പി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കലും അറ്റകുറ്റപണിയും |
| അടങ്കൽ | 92094(മെയി.ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | ബിൽ നം 734/19/26-02-20 |
| ചെലവ് | 92094/-<br>ബിൽ നമ്പർ 3/20-21/23-04-20 |

2019-20 വർഷത്തെ സ്പിൽ ഓവറായി നടപ്പാക്കിയ ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ കുമാരപുരം ഗവ.എൽ.പി സ്കൂളിനും വടക്ക് ഗവ.എൽ.പി സ്കൂളിനും( പടവല്യം സ്കൂളിനും) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി മേശകളും കസേരകളും അലമാരികളും സ്വീച്ചിങ്ങ് ടേബിളും വാങ്ങി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ടി പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങിയത് ചാലിൽ ഫർണ്ണിച്ചർ കൊറ്റുകുളങ്ങര, കായംകുളം, എന്ന സ്ഥാപനത്തിൽ നിന്നുമാണ്(ഇൻവോയിസ് നം CFS-27/21-03-20). ഇതിനായി ടി സ്ഥാപനത്തിന് 69141/-രൂപ നൽകിയിട്ടുമുണ്ട് .

ടി സാധനങ്ങളുടെ വാങ്ങലിന് വേണ്ടി സെയിൽസ് ക്വട്ടേഷൻ എന്ന പേരിൽ 3 ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 3 ക്വട്ടേഷനുകളും ഒരേ ക്വട്ടേഷന്റെ പകർപ്പ് മാത്രമാണ്, ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിന്റെ പേരിലും വിലയിലും മാത്രമേ വ്യത്യാസമുള്ളൂ. 3 ക്വട്ടേഷനുകളും ഒരേ കളറിലുള്ള ലെറ്റർപാഡ് പേപ്പറും ഒരേ തരം ഫോണ്ടും ഒരേ തരം ഡിസൈനുമാണുള്ളത്. കമ്പ്യൂട്ടറിൽ ഒരാൾ തന്നെ തയ്യാറാക്കി നൽകിയ ക്വട്ടേഷനുകളാണ് ഇവ. നൽകിയ 3 ക്വട്ടേഷനുകളിലും ജി.എസ്.ടി രജിസ്ട്രേഷൻ നമ്പരോ ജിഎസ്ടി തുകയുടെ വിവരങ്ങളോ ഇല്ല. കൊട്ടേഷൻ നോട്ടീസ് ഫയലിലില്ല. സ്പെസിഫിക്കേഷൻ വ്യക്തമല്ല. സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ എപ്രകാരമാണ് ക്വട്ടേഷനുകൾ താരതമ്യം ചെയ്തതെന്ന് വ്യക്തമല്ല.

ജി.ഒ(പി)നം 7/2019/SPD/26-04-2019 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും 25000/-രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും സർക്കാർ ഇ-മാർക്കറ്റ് പ്ലേസ് ആയ ജെം(GeM) ൽ നിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി നിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/30-06-22 ന് നൽകിയ മറുപടിയിൽ ചെറിയ തുകകൾക്കുള്ള ക്വട്ടേഷനിൽ വലിയ സ്ഥാപനങ്ങൾ ഒന്നും തന്നെ പങ്കെടുക്കാറില്ലെന്നും സ്കൂൾ നടത്തിപ്പിന് ഫർണ്ണിച്ചർ അത്യാവശ്യമായതിനാലാണ് ടി സ്ഥാപനത്തിന് ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കൊടുത്തത് എന്നുമാണ് അറിയിച്ചിരിക്കുന്നത്. മാത്രമല്ല ജെമിൽ സ്കൂളിന്റെ ആവശ്യകതയ്ക്കുള്ള ഫർണ്ണീച്ചറുകളൊന്നും ലഭ്യമല്ലാതിരുന്നതു കൊണ്ടാണ് മറ്റു സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ നൽകിയതെന്നുമാണ് അറിയിച്ചത്, എന്നാൽ ഇത് സ്ഥിരീകരിക്കുന്ന രേഖകളൊന്നും ഇതോടൊപ്പം ഹാജരാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.6,7.31 പ്രകാരം 15,000 രൂപ മുതൽ 1,00,000 രൂപ വരെയുള്ള എല്ലാ വാങ്ങലുകൾക്കും ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ക്വട്ടേഷൻ നോട്ടീസ് പൊതുസ്ഥലങ്ങളിലും സർക്കാർ വെബ്ബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ ടി മാനദണ്ഡങ്ങളൊന്നും ഇവിടെ പാലിച്ചതായി കാണുന്നില്ല. ഫിനാൻഷ്യൽ കോഡ് വോള്യം 1-40.സി, 10 പ്രകാരം പൊതുപണത്തിന്റെ ദുർവിനിയോഗം ഒഴിവാക്കാൻ ശ്രമിക്കേണ്ടത് ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെയും ചുമതലയാണ്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ ഗവ.നിർദ്ദേശത്തിനനുസൃതമായി

നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-21 ബഡ്സ് സ്കൂളിന് അടിസ്ഥാന സൌകര്യ വികസനം – ഉപകരണങ്ങൾ വാങ്ങി രണ്ടര വർഷത്തിന് ശേഷവും സ്കൂൾ പ്രവർത്തനം ആരംഭിച്ചില്ല -

പ്രോജക്ട് നമ്പർ - S0094/21 (സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ - 900000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

ചെലവ് - ചെക്ക് നമ്പർ - 1128108/22.1.21 – 565306/-

നിർവ്വഹണം - അസി. സെക്രട്ടറി

ബഡ്സ് സ്കൂളിന് അടിസ്ഥാന സൌകര്യ വികസനം പ്രോജക്ടിലുൾപ്പെടുത്തി കുടുംബശ്രീയിൽ നിന്ന് ലഭിച്ച ഫണ്ടിൽ നിന്ന് 565306/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഗ്രമപഞ്ചായത്തിലെ 12-ാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2019 ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. 1/20 ൽ വാങ്ങിയ ഈ ഉപകരണങ്ങളുടെ വില 20-21 ൽസ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകുകയാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടക്കുന്ന 6/22 ലും ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്കൂൾ ആരംഭിയ്ക്കാതെ സ്മാർട്ട് Tv, സ്മാർട്ട് ബോർഡ് പോലുള്ള ലക്ഷങ്ങൾ വിലമതിയ്ക്കുന്ന ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണവും വാങ്ങിയ ഉപകരണങ്ങളുടെ ആവശ്യകത എപ്രകാരം നിർണ്ണയിച്ചുവെന്നും വിശദീകരിയ്ക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം – 14/30.6.22 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സ്കൂളിലേയ്ക്കുള്ള വിദ്യർത്ഥികളെ കണ്ടെത്തി ഉപകരണങ്ങളുടെ ആവശ്യകതത നിർണ്ണയ ക്യാമ്പ് കെൽട്രോണുമായി സഹകരിച്ച് നടത്തി വിദ്യർത്ഥികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയെന്നാണ്. എന്നാൽ അപ്രതീക്ഷിതമായി കടന്നു വന്ന കോവിഡ് മഹാമാരി കാരണം സ്കൂൾ പ്രവർത്തനം പ്രതീക്ഷിച്ച പോലെ ആരംഭിയ്ക്കാനായില്ലന്നും താമസിയാതെ തന്നെ സ്കൂൾ പ്രവർത്തനം ആരംഭിയ്ക്കുമെന്നുമാണ്. ഉപകരണങ്ങൾ വാങ്ങി വർഷങ്ങൾ കഴിഞ്ഞതിനാൽ അവയുടെ വാറന്റി കഴിയാനുള്ള സാധ്യതകൾ ഉള്ളതിനാൽ സ്കൂളിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിയ്ക്കേണ്ടതാണ്. സ്കൂൾ പ്രവർത്തനം ആരംഭിയ്ക്കുന്നത് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നത് വരെ 565306/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 എം.എൻ.ആർ.ഇ.ജി.എ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച തൊഴുത്ത് രൂപമാറ്റം വരുത്തി ഫ്ലവർമില്ലാക്കിയത്-തുടർനടപടി വിവരം അറിയിക്കണം

എം.എൻ.ആർ.ഇ.ജി.എ പദ്ധതിയിൽ മുൻവർഷം(2019-20) തൊഴുത്ത് നിർമ്മാണം ആനുകൂല്യം ലഭിച്ച ശ്രീമതി. അമ്മുക്കുട്ടി, കളരിവാതുക്കൽ, വാർഡ്-8 എന്ന ഗുണഭോക്താവ് ആനുകൂല്യമായി ലഭിച്ച തൊഴുത്ത്, നിലവിൽ ധാന്യം പൊടിക്കുന്ന മില്ലാക്കി മാറ്റി ഉപയോഗിക്കുന്നതായി കാണുന്നതായും ടിയാൾക്ക് ധാന്യമില്ലിനുള്ള ലൈസൻസ് ലഭ്യമാകണമെങ്കിൽ എരുത്തിൽ നിർമ്മാണത്തിന് നല്കിയ തുകയായ 139088/-രൂപ തിരിച്ചടയ്ക്കണമെന്നും ഗ്രാമപഞ്ചായത്ത് കമ്മറ്റി 8.10.20-തീയതിയിൽ 2(4)-നമ്പരായി തീരുമാനം എടുത്ത് കാണുന്നു. ടിയാൾക്ക് നാളിതുവരെ ലൈസൻസ് നല്കപ്പെട്ടിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് കൂടാതെ സ്ഥാപനം നിലവിൽ പ്രവർത്തിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഇപ്രകാരമുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിക്കുന്ന ഗുണഭോക്താക്കളുമായി ആസ്തിയുടെ വിനിയോഗം നിർദ്ദിഷ്ട ആവശ്യത്തിന് മാത്രമായിരിക്കണമെന്നത് സംബന്ധിച്ച് കരാർ വയ്ക്കപ്പെടുന്നില്ലെന്ന് ഓഡിറ്റ് വർഷത്തിലെ ഫയലുകൾ പരിശോധിച്ചതിലും കാണുന്നു. ടി അപാകത പരിഹരിക്കപ്പെടേണ്ടതുണ്ട്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ നിന്ന മരം മുറിച്ച് മാറ്റിയതിന് പഞ്ചായത്ത് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചിരിക്കുന്നു .

പത്താം വാർഡിലെ രതീദേവി, അനിൽ ഭവനം (മുട്ടിയിൽ) എന്നയാളുടെ വസ്തുവിൽ ഇലക്ട്രിക് ലൈനിലേക്ക് ചാഞ്ഞ് നിന്ന തെങ്ങ് വെട്ടിമാറ്റിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും 4500/- രൂപ ചെക്ക് നം 031602/02-07-2020 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 പ്രകാരം വൃക്ഷം വെട്ടി മാറ്റാൻ ഉടമസ്ഥനോട് നോട്ടീസ് മുഖേന ആവശ്യപ്പെടാവുന്നതാണ്. സത്വര നടപടി ആവശ്യമാണെങ്കിൽ അങ്ങനെയുള്ള നോട്ടീസ് കൊടുക്കുന്നതിന് മുമ്പോ നോട്ടീസിലെ കാലാവധി തീരുന്നതിന് മുമ്പോ അപകടം ഒഴിവാക്കുന്നതിനായി യുക്തമെന്ന് തോന്നുന്ന നടപടികൾ പഞ്ചായത്തിന് സ്വീകരിക്കാവുന്നതും അങ്ങനെ ചെയ്യുന്നതിനുള്ള ചെലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കാവുന്നതുമാണ്. മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/20-21) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട വ്യക്തിയിൽ നിന്ന് ഈടാക്കാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-24 ജൈവവൈവിദ്ധ്യ പ്രജനന കേന്ദ്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ - SO 132/21 (സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ - 1000000/- (ജൈവവൈവിധ്യ ബോർഡിൽ നിന്ന് ലഭിച്ച ഫണ്ട്)

ചെലവ് -

ചെക്ക് നമ്പർ - 98275351/24.9.20 - 110640/-

ചെക്ക് നമ്പർ - 98275352/11.11..20 - 137850/-

ചെക്ക് നമ്പർ - 98275353/5.2.21 - 30000/-

നിർവ്വഹണം - കൃഷി ഓഫീസർ

ജൈവവൈവിധ്യ ബോർഡിന്റെ 22.6.18 ലെ 2414/എ 5/2018/കെ.എസ്.ബി.ബി. നമ്പർ കത്ത് പ്രകാരം പതിമൂന്നാം പഞ്ചവൽസര കാലയളവിൽ സംസ്ഥാനതലത്തിൽ പരമാവധി ബയോ ഡൈവേഴ്സിറ്റി കമ്മിറ്റി(ബി.എം.സി) കളെ, 2002 ലെ ജൈവവൈവിധ്യ നിയമം അനുശാസിക്കും പ്രകാരം പ്രവർത്തന സജ്ജമാക്കി, മാതൃക ബി.എം.സി. കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കരുവാറ്റാ ഗ്രാമപഞ്ചായത്തിലെ ബി.എം.സി.യേയും തെരെഞ്ഞെടുക്കുകയുണ്ടായി. ഇതിൻ പ്രകാരം ജൈവവൈവിധ്യ ബോർഡിൽ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പ്രോജക്ടിൽ തനത് വിളകളുടെ പ്രജനനത്തിനായി ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് മുതലായവയിൽ പരിചയമുള്ള ഒരാളെ നിയമിച്ച് പ്രദേശത്തെ തനത് ഫലവൃക്ഷങ്ങളേയും സസ്യങ്ങളേയും കണ്ടെത്തി സസ്യവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും മാതൃവൃക്ഷങ്ങൾ സംരക്ഷിക്കുകയും വിവിധ പ്രജനന മാർഗ്ഗങ്ങളിലൂടെ തൈകൾ ഉത്പാദിപ്പിക്കാനും ഉത്പാദിപ്പിക്കപ്പെടുന്ന തൈകൾ ബി.എം.സി. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്യാനുമാണ് വിഭാവനം ചെയ്തിരുന്നത്. കരട് പ്രോജക്ട് ബോർഡ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 19-20 വർഷം 300000/- രൂപയും 21-22 വർഷം 200000/- രൂപയും ലഭിക്കുകയുണ്ടായി.

13.7.18 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം അന്യം നിന്ന് പോകാൻ സാധ്യതയുള്ള ഫലവൃക്ഷങ്ങളുടേയും കിഴങ്ങ് വർഗ്ഗ വിളകളുടേയും ഫലവർഗ്ഗ സസ്യങ്ങളും ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ നൽകുന്നതിനും അതുവഴി ബി.എം.സിയ്ക്ക് ലഭിയ്ക്കുന്ന വരുമാനം ജൈവവൈവിധ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉപയോഗിക്കുന്നതിനും തീരുമാനിച്ചിരുന്നു. 19-20 വർഷം ലഭിച്ച തുക 20-21 വർഷം ആണ് ചെലവഴിച്ചിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് ഗ്രീൻ ഹൌസ്, ജലസേചന സൌകര്യം ഒരുക്കുന്നതിനുള്ള ഉപകരണങ്ങളും നഴ്സറി ഉപകരണങ്ങളും ജൈവ വളവും കീടനാശിനികളും പൂവൻ വാഴവിത്ത് 1000 എണ്ണവും ഇഞ്ചി വിത്ത് 100 Kg യും ബുഷ് പെപ്പർ 100 എണ്ണവും വാങ്ങിയിട്ടുള്ളതായി കാണുന്നു. വിതരണത്തെ സാധൂകരിയ്ക്കുന്നതിനായി പത്രത്തിൽ വന്ന വാഴവിത്ത് വിതരണത്തിന്റെ ഒരു ഫോട്ടോ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇപ്രകാരം മറ്റൊരു സ്ഥാപനത്തിൽ നിന്ന് വാങ്ങിയ തൈകൾ വിതരണം ചെയ്യുന്നതിനുള്ള ഒരു ഇടനിലക്കാരനായി പ്രവർത്തിയ്ക്കുക വഴി ജൈവവൈവിധ്യ പ്രജനന പ്രോജക്ടിന്റെ ലക്ഷ്യം കൈവരിയ്ക്കുന്നതെന്ന് എപ്രകാരമാണെന്നത് വ്യക്തമല്ല. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങി വിതരണം ചെയ്ത തൈകൾ വിൽപ്പന നടത്തി ലഭിച്ച വരുമാനം അക്കൌണ്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. കൂടാതെ ഈ ആവശ്യത്തിനായി ആരംഭിച്ച ബാങ്ക് അക്കൌണ്ടിലും യാതൊരു തുകയും വരവ് വന്നിട്ടുള്ളതായി കാണുന്നില്ല. ഇതിൽ നിന്ന് തന്നെ ജൈവവൈവിധ്യ ബോർഡിൽ സമർപ്പിച്ച പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലന്ന് വ്യക്തമാകുകയാണ്. വരുമാന വർദ്ധക പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുമാനം ആർജ്ജിക്കുന്നതിനും ഇത് കൃത്യമായി ബാങ്കിൽ അടവ് വരുത്തേണ്ടതുമാണ്.

30.9.19 ലെ 1/4 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ജി.എൽ.പി.എസ്സ്. കുമാരപുരത്തിന്റ ഗ്രൌണ്ടിൽ ആണ് ബി.ആർ.സി.യുടെ ഭാഗമായുള്ള നഴ്സറി സ്ഥാപിയ്ക്കാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്തിന് സമീപമുള്ള ഒരു സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ആണ് നഴ്സറി പ്രവർത്തിയ്ക്കുന്നതെന്ന് കണ്ടു. അവിടെ കുറച്ച് ഔഷധതൈകൾ സൂക്ഷിച്ചിട്ടുള്ളതല്ലാതെ ഗ്രീൻ ഹൌസ്, മിസ്റ്റ് ചേമ്പർ പോലുള്ള യാതൊരു സൌകര്യങ്ങളും ഏർപ്പെടുത്തിയിട്ടുമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ അവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം – 17/20-21 തീയതി 01-07-2022 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വാങ്ങിയ തൈകൾ സൌജന്യമായി വിതരണം ചെയ്തുവെന്നും കുമാരപുരം ജി.എൽ.പി.എസ്. ഗ്രൌണ്ട് റെസ്ക്യൂ ഷെൽട്ടറായി ഉപയോഗിക്കേണ്ടി വന്നതിനാലാണ് താത്കാലികമായി സ്വകാര്യ സ്ഥലത്തേയ്ക്ക് നഴ്സറി മാറ്റേണ്ടി വന്നതെന്നാണ്. ജൈവവൈവിധ്യ ബോർഡിൽ സമർപ്പിച്ച പ്രോജക്ടിന് അനുസൃതമായുള്ള പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതും ഉത്പാദിപ്പിയ്ക്കുന്ന തനത് വിളകളുടെ തൈകൾ ബി.എം.സി. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്ത് വരുമാനം ആർജ്ജിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-25 വെള്ളക്കരം -കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നില്ല .

വെള്ളക്കരമിനത്തിലെ പ്രതിമാസ ഡിമാന്റ് തുക 153563/- രൂപയാണെങ്കിലും 143063/-രൂപ വീതമാണ് അടക്കുന്നത്. പ്രതിമാസമുള്ള ഡിമാന്റ് തുകയിൽ 10500/-രൂപ വീതം കുറച്ചാണ് അടക്കുന്നത് . തന്മൂലം ഫൈൻ ഇനത്തിൽ ഉള്ള കുടിശ്ശിക വർദ്ധിക്കുന്നു. വർഷാരംഭത്തിൽ 46125/- രൂപയാണ് കുടിശ്ശികയായി വാട്ടർ അതോറിറ്റിയുടെ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രതിമാസമുള്ള ഫൈൻ ഇനത്തിലെ വർദ്ധനവ് മൂലം വർഷാവസാനമായപ്പോഴേക്കും വെള്ളക്കരമിനത്തിലെ കുടിശ്ശിക 198742/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല . അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/20-21 ന് മറുപടി നൽകിയിട്ടില്ല . വെള്ളക്കരക്കുടിശ്ശിക അടച്ച് തീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കേണ്ടതും ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ് .

## 1-26 പാലിന് സബ്സിഡി -അപാകത സംബന്ധിച്ച്

പ്രോജക്ട് നം 83/21

പ്രോജക്ടിന്റെ പേര് - പാലിന് സബ്സിഡി

നിർവഹണം – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രോജക്ടിന്റെ ചെലവ് വൗച്ചർ പരിശോധിച്ചതിൽ ലിറ്ററിന് 04 രൂപ നിരക്കിൽ സബ്സിഡി നൽകിയതായി കാണുന്നു. സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് നം 22/2018/ത.സ്വ.ഭ.വ/14-02-2018), ഖണ്ഡിക 6.2 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഓരോ ലിറ്റർ പാലിനും ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെ 04 രൂപ കർഷകന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി വിഹിതത്തിൽ നിന്നും 04 രൂപ നിരക്കിൽ ആനുകൂല്യം നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം | ചെലവ് തുക | ക്ഷീര സംഘത്തിൽ അളന്ന പാൽ (ലിറ്ററിൽ ) | അനുവദിച്ച സബ്സിഡി (04 രൂപ നിരക്കിൽ) | അനുവദിക്കേണ്ട സബ്സിഡി (03 രൂപ നിരക്കിൽ) | അധികത്തിൽ നൽകിയത് |
|---|---|---|---|---|---|
| 01/20-21 /18-05-20 | 184428/- | 46107 (സുനന്ദിനി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പാലളന്ന 68 കർഷകർക്ക് നൽകിയത് ) | 184428 | 138321 | 46107/- |
| 02/20-21 /21-05-20 | 53892/- | 13473 (കരുവാറ്റ തെക്ക് ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പാലളന്ന 32 കർഷകർക്ക് നൽകിയത് ) | 53892/- | 40419/- | 1347 |
| 03/20-21 /21-05-20 | 76095 | 19015 (സുനന്ദിനി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പാലളന്ന 60കർഷകർക്ക് നൽകിയത് ) | 76095 | 57045/- | 19050 |

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 21/20-21/01-07-22 ന് മറുപടി നൽകിയിട്ടില്ല. ക്ഷീര വികസന വകുപ്പിൽ നിന്നും മേൽ സൂചിപ്പിച്ച 66504/- രൂപ ലഭ്യമാക്കി സർക്കാരിലേക്ക് അടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു- 16467/-രൂപയുടെ ചെലവ് തടസ്സം

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടിൽ കേരള മെഡിക്കൽ സർവ്വീസ് സൊസൈറ്റിയിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയ്ക്ക് മരുന്ന് ലഭ്യമാകാതെ വന്നിട്ടുള്ളതായി കാണുന്നു:

സാന്ത്വന പരിചരണ പദ്ധതി(പ്രോജ.നം.55/21)-യിൽ വികസന(ജനറൽ)ഫണ്ടിൽ നിന്ന് 865000/-രൂപ ചെലവായിട്ടുണ്ട് (വികസന ജനറൽ ഫണ്ട് 625000/-, ബ്ലോക്ക് വിഹിതം 240000/- രൂപ വീതം) ടി പ്രോജക്ടിൽ, ബിൽ റഫ.നം.2007065201000108204 4/12.2.21പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 195326/-രൂപ രണ്ട് പ്രഫോർമ നല്കിയതിൽ ചുവടെ ചേർക്കും പ്രകാരമുള്ള മരുന്നുകൾ/ഉപകരണങ്ങൾ നിന്ന് ലഭ്യമാകുവാനുള്ളതായി കാണുന്നു.

| ക്രമ നം. | പ്രഫോർമ നം., തീയതി | നല്കിയ തുക | മരുന്ന് ലഭിക്കുവാനുള്ളത് എത്ര രൂപയ്ക്ക് എന്ന് |
|---|---|---|---|
| 1 | 4705/23.1.21 | 110462 | 16229* |
| 2 | 4702/23.1.21 | 84864 | 238 |
| | | 195326/- | 16467/- |

8046/-രൂപയുടെ മരുന്ന് മാത്രമാണ് ഇനി ലഭ്യമാക്കാനുള്ളതെന്നാണ് കാരുണ്യ ഡിപ്പോ, കൊല്ലം ബാലൻസ് സംബന്ധിച്ച് ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ ഉണ്ടായിരുന്നത്. ടി വ്യത്യാസം സംബന്ധിച്ച് വിശദീകരിക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് അന്വേഷണം(നം.10) നല്കിയതിനെത്തുടർന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കണക്കിൽ വന്ന തെറ്റ് മൂലമാണ് ഇങ്ങനെ വന്നിട്ടുള്ളതെന്നും 16467/-രൂപയുടെ മരുന്ന് ലഭിക്കുവാനുണ്ടെന്നും 02.06.2022ൽ മെഡിക്കൽ ഓഫീസർ മറുപടി നല്കി. മരുന്ന് ലഭിക്കുവാനുള്ള 16467/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-28 റിസോഴ്സ് പേഴ്സണ് ഓണറേറിയം-വിശദാംശങ്ങൾ ഇല്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പ്രോജക്ടിൽ (പ്രോ.നം.04/21) റിസോഴ്സ് പേഴ്സണ് ഉള്ള ഓണറേറിയം എന്ന നിലയിൽ ആകെ 50000/-രൂപ ശ്രീ.എൻ.രാധാകൃഷ്ണപിള്ളയ്ക്ക് നല്കിക്കാണുന്നു.

ചെക്ക് നം.031644/12.8.20, 30000/-രൂപ, 2/20 മുതൽ 7/20 വരെയുള്ള ഓണറേറിയം എന്ന് പരാമർശിച്ചു കാണുന്നു.

ചെക്ക് നം.033274/14.12.20,20000/-രൂപ, 8/20മുതൽ 11/20വരെയുള്ള ഓണറേറിയം എന്ന് പരാമർശിച്ചു കാണുന്നു.

ആകെ 10 മാസത്തിലേക്കുള്ള ഓണറേറിയമാണ് നല്കിയിട്ടുള്ളതെന്ന് കാണുന്നു. പദ്ധതി മാർഗ്ഗരേഖ ഖ.3-13 പ്രകാരം(സ.ഉ(കൈ)11/18/തസ്വഭവ,29.1.18) ആവശ്യമെങ്കിൽ ഇപ്രകാരം ജനകീയാസൂത്രണത്തിൽ പരിചയ സമ്പന്നനായ സന്നദ്ധ പ്രവർത്തകന്റെ സേവനം ഉപയോഗിക്കാവുന്നതാണെങ്കിലും ആവശ്യകതയും എത്ര കാലയളവിലേക്ക് നിശ്ചയിച്ചിരുന്നു എന്നതും ലഭിച്ച സേവനത്തിന്റെ വിശദാംശങ്ങളും(ഇദ്ദേഹത്തിന്റെ സേവനം വിനിയോഗിച്ചതിന്റെ/ലഭ്യമായ സേവനങ്ങളുടെ വിവരം) വ്യക്തമാക്കിയിട്ടില്ല.

## 1-29 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ല - മോണിട്ടറിംഗ് അനിവാര്യം.

മഴക്കാല പൂർവ ശുചീകരണത്തിനായി തനത് ഫണ്ടിൽ നിന്ന് 75000/- രൂപയും ( ചെക്ക് നം 029743/04-05-2020 ) ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് 150000/- രൂപയും വാർഡ് സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ടി തുക യഥാക്രമം 5000/- രൂപ , 10000/- രൂപ എന്നീ ക്രമത്തിലാണ് നൽകിയിട്ടുള്ളത് . വാർഡ് 08 ന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ 20-21 വർഷം തുകയൊന്നും പിൻവലിച്ചതായി കാണുന്നില്ല. ടി വാർഡിൽ മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. വാർഡ് 10 , 11 , 12 എന്നീ വാർഡുകളിലെ ചെലവ് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. വാർഡ് 8 ൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൽ നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വാർഡ് 10 , 11 , 12 എന്നീ വാർഡുകളിലെ ചെലവ് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 അംഗൻവാടി വയറിംഗ് -അധിക തുക തിരിച്ചടച്ചു: ഓഡിറ്റ് ഇംപാക്ട്

സെക്രട്ടറി നടപ്പാക്കിയ അംഗൻവാടി വയറിംഗ് എന്ന പ്രോജക്ടിൽ (പ്രോ.നം.07/21)വാർഡ് 13-ൽ ഉള്ള 66ാം നം.അംഗൻവാടിയുടെ വയറിംഗിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 54800/-രൂപയായിരുന്നു. അംഗീകരിക്കപ്പെട്ട ടെണ്ടർ, എസ്റ്റിമേറ്റിൽ നിന്ന് 5.7% കുറവ് ക്വോട്ട് ചെയ്ത ശ്രീ.സനൽകുമാർ എന്നയാളുടേതായിരുന്നു. എന്നാൽ ഫൈനൽ ബിൽ പ്രകാരമുള്ള തുകയിൽ നിന്ന് ടെണ്ടർ കുറവ് വരുത്താതെയാണ് തുക നല്കിയിട്ടുള്ളതെന്ന് കാണുന്നു. ഇപ്രകാരം (ജി.എസ്.ടി, ഐ.ടി പരിഗണിച്ച്)46814/-രൂപ കരാറുകാരന് നല്കേണ്ടിയിരുന്ന സ്ഥാനത്ത് 49643/-നല്കിയതിലൂടെ 2829/-രൂപ അധികം നല്കി. ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.6/20-21)തുക തിരിച്ചടച്ച് മറുപടി

നല്കിയിട്ടുണ്ട്(രസീത് നം1220100865/30.6.22).

## 1-31 ടാർ വീപ്പയുടെ വിലയോടൊപ്പം ജി.എസ്സ്.ടി ഈടാക്കിയില്ല

2020-21 വർഷം നടപ്പാക്കിയ മരാമത്ത് വർക്കുകൾ പരിശോധിച്ചതിൽ ടാറിംഗ് വർക്കുകളിൽ നിന്നും ടാർ വീപ്പയുടെ വിലയായി 250 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ടാർ വീപ്പയുടെ വിലയോടൊപ്പം ജി.എസ്സ്.ടി കുറവ് ചെയ്തതായി കാണുന്നില്ല. ടാർ വീപ്പയുടെ വിലയോടൊപ്പം 18% ജി.എസ്സ്.ടി കൂടി ഉൾപ്പെടുത്തി വീപ്പയൊന്നിന് 281/- രൂപ നിരക്കിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിന് പകരം 250/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/2020-21), മറുപടിയായി 6820 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രസീത് ഹാജരാക്കി(രസീത് നം.1220100887/02.07.2022). തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്തിട്ടില്ല. വിശദാംശം ,

1)അങ്കണവാടി ഹൈടെക് ആക്കൽ, S0109/21

അടങ്കൽ - 500000

എം ബുക്ക് നം.14/19-20, പേജ് നം. 1 ൽ ഇനം. 3, Dismantling Roofing Including Ridges, Hips, Valleys And Gutters Etc =30.08 M2 ചെയ്തിട്ടുണ്ട്.

2)കാരമൂട്ട് എൽ. പി.എസ് മെയിന്റനൻസ്, S0117/21

അടങ്കൽ - 332000

എം ബുക്ക് നം.1/20, പേജ് 1 ൽ Dismantling Roofing , 308.026m2 ൽ ഉൾപ്പെടുത്തി ആസ്ബസ്റ്റോസ് ഷീറ്റ് സ്കൂൾ പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. (തീ.02.07.20)

ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് അക്കൗണ്ടിൽ വകയിരുത്തുവാൻ ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എം ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. നിർദ്ദേശാനുസരണം സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/20-21), അങ്കണവാടി/സ്കൂൾ പരിസരത്ത് സൂക്ഷിച്ചിട്ടുള്ള സാധനങ്ങൾ അടിയന്തിരമായി സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 കൊപ്പാറ മാലി റോഡിൽ കൊപ്പാറ മുതൽ മാലി വരെ റോഡ് ടാറിംഗ് , S0112/21- തുക വകയിരുത്താതെയുള്ള ചെലവ്

ബഹുവർഷ പ്രോജക്ടായി 2019-20 ൽ ആവിഷ്കരിച്ച് സ്പിൽ ഓവറായി തുടർന്ന് വന്ന പദ്ധതിയാണിത്.

| | |
|---|---|
| അടങ്കൽ | 650000 |
| കരാർ നം | 7/AE/19-20/28.11.10 |
| കരാറുകാരൻ | പുഷ്പഗിരി കൺസ്ട്രക്ഷൻസ് |
| എഗ്രീഡ്. പി.എ.സി | 578876.58 |
| ആകെ മൂല്യം | 570005 |
| എം ബുക്ക് നം | 7/19-20 |
| ചെലവ് വിവരം | 450000/-, ബിൽ നം.13/27.05.20<br>100000/-(2019-20) |

തൻവർഷം തനത് ഫണ്ട് 100000 രൂപയാണ് വകയിരുത്തിയതെങ്കിലും ചെലവഴിച്ചത് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 450000 രൂപയാണ്. തൻവർഷം തുക വകയിരുത്താതെ എപ്രകാരമാണ് തുക പിൻവലിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/20-21) , മുൻവർഷങ്ങളിൽ ചെലവഴിച്ച തുക കഴിച്ചുള്ള തനത് ഫണ്ട്, 100000 രൂപ മാത്രമാണ് 2020-21 ൽ വകയിരുത്തിയിരുന്നതെന്നാണ് മറുപടി നൽകിയത്. മറുപടി പൂർണ്ണമല്ല. പ്രോജക്ടിൽ തുക വകയിരുത്താതെ എപ്രകാരമാണ് ചെലവഴിക്കാൻ കഴിഞ്ഞതെന്ന്

വിശദീകരിക്കേണ്ടതാണ്.

## 1-34 ഊട്ടുപറമ്പ് കുറിച്ചിക്കൽ റോഡ് റീ-ടാറിംഗ്, S0048/20- പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

| | |
|---|---|
| അടങ്കൽ | 740000, RMG |
| കരാർ നം | 20/AE/LSGD/19-20/05.03.20 |
| കരാറുകാരൻ | മുഹമ്മദ് ഇസ്മെയിൽ |
| എഗ്രീഡ്. പി.എ.സി | 6711229.18(ജി.എസ്.റ്റി ഒഴികെ) |
| ആകെ മൂല്യം | 736722 |
| അവസാന അളവ് | 06.11.20 |
| എം ബുക്ക് നം | 19/19-20 |
| ചെലവ് വിവരം | 599960/-ബില് നം.22/13.01.21<br>136762/-ചെക്ക് നം.1128109/11.02.21 |

ഊട്ടുപറമ്പ് കുറിച്ചിക്കൽ റോഡ് റീ-ടാറിംഗ് എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നു. 05.03.20 ൽ കരാർ ചമച്ച പ്രവൃത്തി 04.09.20 നള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്നെങ്കിലും പൂർത്തീകരിച്ചത് 06.11.20 ലാണ്. എന്നാൽ PWD മാനവൽ സെക്ഷൻ 2112 അനുശാസിക്കും പ്രകാരമുള്ള പി.എ.സി യുടെ 1% പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/20-21), ഈ പ്രവൃത്തിക്കായി 5.3.20 ൽ കരാർ വച്ചുവെങ്കിലും പ്രസ്തുത പ്രവൃത്തി സ്പിൽ ഓവറായി അംഗീകരിച്ച വന്നതിന് ശേഷം മൺസൂൺ കാലമായതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല എന്നും പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാഞ്ഞത് കരാറുകാരന്റെ ഭാഗത്തെ വീഴ്ച മൂലമല്ലാത്തതിനാലാണ് പിഴ ഈടാക്കാതിരുന്നത് എന്നാണ് മറുപടി നൽകിയത്.

എന്നാൽ കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റിയിൽ കാലയളവ് ദീർഘിപ്പിച്ച നൽകുകയോ ചെയ്തിട്ടില്ല. കരാറുകാരന്റെ അപേക്ഷ, അസി.എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റിയിലാണ് ഇത്തരത്തിലുള്ള തീരുമാനങ്ങൾ എടുക്കേണ്ടത്. പഞ്ചായത്ത് കമ്മറ്റി ഇപ്രകാരം തീരുമാനങ്ങൾ എടുക്കാത്ത സാഹചര്യത്തിൽ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. കരാറുകാരനിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും പൊതുമരാമത്ത് മാനവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-35 പരസ്യച്ചാർജ്ജ് -നിശ്ചിത വലുപ്പത്തിൽ അധികരിച്ച് പരസ്യം നൽകിയിരിക്കുന്നു .

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 01-01-2004 ലെ ഉത്തരവ് (അച്ചടിച്ചത്) 01/04 ഐ.ആന്റ്.പി.ആർ, 21-06-2004 ലെ സർക്കുലർ നം. 7441/ഡി-1/04/ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ (8X3 = 24 Sqcm) മാത്രമായിരിക്കണം പ്രസിദ്ധീകരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചെക്ക് നം 776479/24-07-2020 പ്രകാരം 36624/- രൂപയും, ചെക്ക് നം 031626/- പ്രകാരം 31560/- രൂപയും പരസ്യച്ചാർജ്ജിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരസ്യ ബില്ലുകൾ പരിശോധിച്ചതിൽ പരസ്യത്തിന്റെ നിശ്ചിത വലുപ്പമായ 24cm2 ൽ അധികരിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇൻവോയിസ് നം . | യൂണിറ്റ് നിരക്ക് | പരസ്യത്തിന്റെ വിസ്തൃതി | ഇൻവോയിസ് പ്രകാരമുള്ള ആകെത്തുക | നല്കേണ്ട തുക | അധികത്തിൽ നല്കിയ തുക |
|---|---|---|---|---|---|---|
| 1 | 321000125608/ 06-01-2019 മാതൃഭൂമി ഡെയിലി | 240/സെ.മി.സ്ക്വയർ | 8x4=32 സെ.മി.സ്ക്വയർ | 32x240=7680/- ഡിസ്കൗണ്ട് 15%-1152 ടാക്സ് 5% -326 (ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 7680-1152+326 =6854 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 +183.6=3856 | 6854-3856= 2998 രൂപ |
| 2 | 321000128843/ 15-01-2019 മാതൃഭൂമി ഡെയിലി | 240/സെ.മി.സ്ക്വയർ | 8x4=32 സെ.മി.സ്ക്വയർ | 32x240=7680/- ടാക്സ് 5% -384 ആകെ = 7680+384= 8064 | 24x180=4320 ടാക്സ് 5% - 216 ആകെ = 4320+648 =4968 | 8064-4968 =3096 |
| 3 | 321000149299/ 02-03-2019 മാതൃഭൂമി ഡെയിലി | 240/സെ.മി. സ്ക്വയർ | 8x4=32 സെ.മി.സ് ക്വയർ | 32x240=7680/- ഡിസ്കൗണ്ട് 15%-1152 ടാക്സ് 5% -326 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 7680-1152+326=6854 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 +183.6=3856 | 6854-3856 =2998 രൂപ |
| 4 | 32100025968/ 07-06-2019 മാതൃഭൂമി ഡെയിലി | 260/സെ.മി.സ്ക്വയർ | 8x4=32 സെ.മി.സ്ക്വയർ | 32x260=8320/- ഡിസ്കൗണ്ട് 15%-1248 ടാക്സ് 5% -353.6 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 8320-1248+353.6=7426 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 +183.6=3856 | 7426-3856= 3570 രൂപ |
| 5 | 321000030196/ 18-06-2019 മാതൃഭൂമി ഡെയിലി | 260/സെ.മി.സ്ക്വയർ | 8x4=32 സെ.മി.സ്ക്വയർ | 32x260=8320/- ഡിസ്കൗണ്ട് 15%-1248 ടാക്സ് 5% -353.6 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 8320-1248+353.6 =7426 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 +183.6=3856 | 7426-3856= 3570 രൂപ |
| 6 | 321000102858/ 19-12-2019 മാതൃഭൂമി ഡെയിലി | 260/സെ.മി. സ്ക്വയർ | 8x4=32 സെ.മി. സ്ക്വയർ | 32x260=8320/- ഡിസ്കൗണ്ട് 15%-1248 ടാക്സ് 5% -353.6 (ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 8320-1248+353.6=7426 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 | 7426-3856= 3570 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | +183.6=3856 | |
| 7 | 321000113998/ 17-01-2020 മാതൃഭൂമി ഡെയിലി | 260/സെ.മീ.സ്ക്വയർ | 8x4=32 സെ.മീ.സ്ക്വയർ | 32x260=8320/- ഡിസ്കൗണ്ട് 15%-1248 ടാക്സ് 5% -353.6 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 8320-1248+353.6=7426 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 +183.6=3856 | 7426-3856= 3570 രൂപ |
| 8 | 321000122524/ 07-02-2020 മാതൃഭൂമി ഡെയിലി | 260/സെ.മീ.സ്ക്വയർ | 8x5=40 സെ.മീ.സ്ക്വയർ | 40x260=10400/- ഡിസ്കൗണ്ട് 15%-1560 ടാക്സ് 5% -442 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 10400-1560+442=9282 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 +183.6=3856 | 9282-3856=5426 രൂപ |
| 9 | 321000127759/ 21-02-2020 മാതൃഭൂമി ഡെയിലി | 260/സെ.മീ. സ്ക്വയർ | 8x4=32 സെ.മീ. സ്ക്വയർ | 32x260=8320/- ഡിസ്കൗണ്ട് 15%-1248 ടാക്സ് 5% -353.6 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ ) ആകെ = 8320-1248+353.6 =7426 | 24x180=4320 ഡിസ്കൗണ്ട് 15%-648 ടാക്സ് 5% - 183.6 ആകെ = 4320-648 +183.6=3856 | 7426-3856= 3570 രൂപ |

ആകെ 32368 രൂപ

അപാകതക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല. പരസ്യച്ചാർജ്ജിനത്തിൽ അധികത്തിൽ ചെലവഴിച്ച തുക 32368 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-36 ഹരിതകർമ്മസേന - പ്രവർത്തന അവലോകനം

സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനം ആയി മാറ്റുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ 2017-18 ൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കുകയും പാലക്കാട് ഐ.ആർ.ടി.സി. യെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹരിതസഹായ സ്ഥാപനമായി നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് ഐ.ആർ.ടി.സി. യുടെ സേവനം ഗ്രാമപഞ്ചായത്ത് തുടർന്ന് കൊണ്ട് പോയിരുന്നില്ല. ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി 30 ഹരിതകർമ്മസേനാംഗങ്ങളെ തെരെഞ്ഞെടുക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. കുടുംബങ്ങളിൽ നിന്ന് യൂസർ ഫീ ഇനത്തിൽ 50/- രൂപയും കച്ചവട സ്ഥാപനങ്ങൾക്ക് 100/- രൂപയും യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. ഈ തുക ഹരിതകർമ്മസേന കൺസോർഷ്യത്തിനായി ഫെഡറൽ ബാങ്ക് കരുവാറ്റാ ശാഖയിൽ ആരംഭിച്ചിട്ടുള്ള 18690200000949 നമ്പർ അക്കൌണ്ടിൽ നിക്ഷേപിച്ചിരുന്നത്. ഈ അക്കൌണ്ടിൽ ഓഡിറ്റ് കാലയളവിൽ 633311/- രൂപ നീക്കിയിരുപ്പുള്ളതായി അറിയിച്ചിട്ടുണ്ട്.

വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ ഹരിത കർമ്മസേനയ്ക്ക് 2018-19 ൽ 14000 രൂപയും 2019-20 ൽ 268955 രൂപയും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. 30 ഹരിതകർമ്മ സേനാംഗങ്ങൾക്ക് ജൈവവും, അജൈവവുമായ മാലിന്യങ്ങൾ വീടുകളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ആയവ തരം തിരിക്കുന്നതിനുള്ള പരിശീലനവും ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്കനുസരിച്ചും ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും വിവിധ പ്രചരണപരിപാടികളും നടത്തിയിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മ സേനാംഗങ്ങളും ഗ്രാമപഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുത്തു കൊണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകൾ ഇല്ല. 3 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് വി.ഇ.ഒ.

അറിയിയ്ക്കുകയുണ്ടായി.

പഞ്ചായത്തിലെ പകുതിയിലധികം വീടുകളും കച്ചവട സ്ഥാപനങ്ങളും ഈ പദ്ധതിയുടെ ഭാഗമാണെന്ന് ഹരിതകർമ്മ സേനാംഗങ്ങളും വി.ഇ.ഒ.യും വിശദീകരിയ്ക്കുകയുണ്ടായി. ക്ലീൻ കേരള കമ്പനിയ്ക്ക് തരംതിരിച്ച 25 ടണ്ണോളം പ്ലാസ്റ്റിക്ക് വിറ്റ വകയിൽ 43299/- രൂപ ലഭിച്ചിട്ടുണ്ട്. യൂസർ ഫീ രസീത് ബുക്കുകളുടെ സ്റ്റോക്ക്, വിതരണ രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ രസീത് പ്രകാരമുള്ള തുകകൾ കൃത്യമായി ഒടുക്ക് വരുത്തുന്നുണ്ടോയെന്ന് സംബന്ധിച്ച് കൂടുതൽ പരിശോധന ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 അങ്കണവാടി - ഭൗതിക സാഹചര്യം

കരുവാറ്റ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കരുവാറ്റ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 19 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 14 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 05 എണ്ണം വാടക കെട്ടിടത്തിലും 16 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൗകര്യമുണ്ട്. 03 എണ്ണം നിലവിലും ടോയിലെറ്റ് സൗകര്യമില്ലാതെ പ്രവർത്തിക്കുന്ന (അങ്കണവാടി നം 53 , 60, 63) . അങ്കണവാടികളിൽ ഒന്നിലും ബേബി ഫ്രണ്ട്‌ലി ടോയിലെറ്റ് ഇല്ല . 08 എണ്ണത്തിന് ചുറ്റമതിൽ ഉണ്ട്. 19 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 18 അങ്കണവാടികളിൽ അങ്കണവാടി നം 66 ൽ കുടിവെള്ള സൗകര്യമില്ല . എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. സെന്റർ നം. 64, 52, 57 എന്നിവക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാണെങ്കിലും കെട്ടിടം പണിഞ്ഞിട്ടില്ല. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷൻ ഉണ്ടെങ്കിലും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ലഭ്യമല്ല. 17 അങ്കണവാടികൾ ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 02 എണ്ണം ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഫാൻ ഒഴികെ മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ ഇല്ല. 05 അങ്കണവാടികളിൽ ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ഇല്ല. ഇവിടെ പ്ലാസ്റ്റിക് ബക്കറ്റുകളിലാണ് ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കുന്നത്. അങ്കണവാടി നം 50, 51, 66 എന്നിവ മാതൃകാ അങ്കണവാടികളാണ്. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 ലൈഫ് ഭവന നിർമ്മാണ പദ്ധതി - അവലോകനം

കരുവാറ്റാ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ആരംഭിച്ച ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായും ലൈഫിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിനുമായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| കാലയളവ് | ഗ്രാമപഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ ലോൺ | സ്റ്റേറ്റ് ഷെയർ |
|---|---|---|---|---|---|
| 2018-19 -- 2021-22 | 15426591 | 3325411 | 2318998 | 32160000 | 13800000 |

2020-21 വർഷം ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന 13 പേർക്ക് ഭവനനിർമ്മാണത്തിന് തുക നൽകിയതിൽ 12 നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഓമന, പണിയ്ക്കന്റെ പറമ്പ് എന്ന ഗുണഭോക്താവ് അടിത്തറ വരെ മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ടിയാളുടെ മകന്റെ ഹൃദയ സംബന്ധമായ അസുഖത്താലാണ് നിർമ്മാണം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതെന്ന് വി.ഇ. ഒ അറിയിക്കുകയുണ്ടായി. ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. എസ്സ്.സി.വിഭാഗത്തിലെ 5 പേർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയതിൽ എല്ലാവരും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## 1-39 കോവിഡ് -19 പ്രതിരോധ പ്രവർത്തനം -അവലോകനം

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

“കരുതാം ആലപ്പുഴ-കരുതോടെ കരുവാറ്റ” എന്ന കാമ്പയിനിൽ മികച്ച കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്ന ഓഫീസിനുള്ള അംഗീകാരം കരുവാറ്റക്ക് ലഭിക്കുകയുണ്ടായി. വാർഡ് തല ജാഗ്രത സമിതി രൂപീകരിക്കുകയും അതിന്റെ ചുമതല അദ്ധ്യാപകർക്ക് നൽകുകയും ചെയ്തു. കുട്ടികൾക്കായി കൗൺസലിംഗ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചു. സ്നേഹാചാര്യ കോളേജിലും ഹരിപ്പാട് ഡ്രീം ലാൻഡ് ലോഡ്ജ് എന്നിവിടങ്ങളിൽ സിസിസി ആരംഭിച്ചു. സിസസി.സി, 06-11-2020 വരെ പ്രവർത്തിച്ചു. പ്രവാസികൾ, അന്യദേശ തൊഴിലാളികൾ എന്നിവരുൾപ്പെടെ ഏകദേശം 100 ൽ അധികം പേർക്ക് ഇത് പ്രയോജനപ്പെട്ടു. സി.എഫ് .എൽ.റ്റി.സി കുമാരപുരം സ്കൂളിൽ ആരംഭിച്ചു. കുടുംബശ്രീ സംവിധാനമുപയോഗിച്ച് സ്ത്രീ സൗഹൃദ കോവിഡ് കരുതൽ കൂട്ടായ്മ എന്ന പേരിൽ 25 വീടുകൾക്ക് ഒരാൾ എന്ന രീതിയിൽ എല്ലാ വാർഡുകളിലും രൂപം കൊടുത്തു . ഇതിന്റെ ലീഡർമാർ അവർക്ക് ചാർജ്ജുള്ള വീടുകളിലെ കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച കാര്യങ്ങൾ, പട്ടിണി, നാൽക്കാലികളുടെ അവസ്ഥ, കുട്ടികളുടെ മാനസിക

പ്രശ്നങ്ങൾ എന്നിവ നിരീക്ഷിച്ച് നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ സംവിധാനം കൃത്യമായ ഇടപെടൽ നടത്തിയിരുന്നു .

നാളിതുവരെ 3340 കോവിഡ് പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാളിതുവരെ 4664 കോവിഡ് ടെസ്റ്റുകൾ നടത്തിയിട്ടുണ്ട്. ഇതിൽ 14052 ആന്റിജൻ ടെസ്റ്റും , 3323 ആർ.ടി.പി.സി.ആർ. ടെസ്റ്റും നടത്തിയിട്ടുണ്ട് . പഞ്ചായത്തിലെ എല്ലാ വാർഡും കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ചു . കായംകുളം എൻ.റ്റി .പി.സി.യിലെ ഫയർഫോഴ്സിന്റെ സേവനം ഉപയോഗിച്ച് പഞ്ചായത്തിലെ എല്ലാ കേന്ദ്രങ്ങളിലും അണു നശീകരണം നടത്തി .

ജനകീയ ഹോട്ടൽ ആരംഭിച്ച് 20/- രൂപക്ക് ഒരു പൊതിച്ചോറ് എന്ന രീതിയിൽ ഭക്ഷണ വിതരണം നടത്തിയിട്ടുണ്ട്. എല്ലാ ഭവനങ്ങളിലും ഹോമിയോ പ്രതിരോധ മരുന്ന്, ബോധവൽക്കരണ സന്ദേശങ്ങൾ രേഖപ്പെടുത്തിയ നോട്ടീസ്, ആയുർവേദ ചൂർണം എന്നിവ എത്തിച്ചു. ആയുർവേദ വകുപ്പിന്റെ സഹായത്തോടെ കോവിഡ് രോഗം വന്ന 12 വയസ്സ് വരെയുള്ള കുട്ടികൾക്കായി ആരോഗ്യ പ്രതിരോധ പദ്ധതി സ്നേഹാമൃതം, വൃദ്ധർക്കായി മധുര സായാഹ്നം എന്നീ പദ്ധതികൾ നടപ്പാക്കുന്നു . കോവിഡുമായി ബന്ധപ്പെട്ടുള്ള പ്രധാന ചെലവിനങ്ങൾ ചുവടെ ചേർക്കുന്നു .

| ചെലവിനം | തുക |
|---|---|
| മാസ്ക് , സോപ്പ് എന്നിവ വീടുകളിൽ വിതരണം ചെയ്തു | 648723/- |
| സി.എഫ്.എൽ.റ്റി.സി.ക്ക് ടോയിലെറ്റ് | 57100/- |
| സി.സി.സി. വാടക | 297000/- |
| കമ്മ്യൂണിറ്റി കിച്ചൺ | 328605/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ നിന്ന മരം മുറിച്ച് മാറ്റിയതിന് പഞ്ചായത്ത് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചിരിക്കുന്നു .

പത്താം വാർഡിലെ രതീദേവി, അനിൽ ഭവനം (മുട്ടിയിൽ) എന്നയാളുടെ വസ്തുവിൽ ഇലക്ട്രിക് ലൈനിലേക്ക് ചാഞ്ഞ് നിന്ന തെങ്ങ് വെട്ടിമാറ്റിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും 4500/- രൂപ ചെക്ക് നം 031602/02-07-2020 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 പ്രകാരം വൃക്ഷം വെട്ടി മാറ്റാൻ ഉടമസ്ഥനോട് നോട്ടീസ് മുഖേന ആവശ്യപ്പെടാവുന്നതാണ്. സത്വര നടപടി ആവശ്യമാണെങ്കിൽ അങ്ങനെയുള്ള നോട്ടീസ് കൊടുക്കുന്നതിന് മുമ്പോ നോട്ടീസിലെ കാലാവധി തീരുന്നതിന് മുമ്പോ അപകടം ഒഴിവാക്കുന്നതിനായി യുക്തമെന്ന് തോന്നുന്ന നടപടികൾ പഞ്ചായത്തിന് സ്വീകരിക്കാവുന്നതും അങ്ങനെ ചെയ്യുന്നതിനുള്ള ചെലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കാവുന്നതുമാണ്. മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/20-21) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട വ്യക്തിയിൽ നിന്ന് ഈടാക്കാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 240000 | സാന്ത്വന പരിചരണ പരിപാടി(55/2021) | 240000 | 0 |
| ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 327354 | പാലിന് സബ്സിഡി(83/2021) | 327354 | 0 |
| ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 280000 | ലൈഫ് ഭവന നിർമ്മാണം(29/2021) | 280000 | 0 |
| ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(21/2021) | 150000 | 0 |
| ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 261341 | പാലിന് സബ്സിഡി(83/2021) | 261341 | 0 |
| ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | അഗതി രഹിത കേരളം(18/2021) | 150000 | 0 |
| | | | ആകെ | 1408695 | |
| ആലപ്പുഴ ജില്ല പഞ്ചായത്ത് | 2020-21 | 600000 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം നല്കൽ(133/2021) | 600000 | 0 |
| ആലപ്പുഴ ജില്ല പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാരം(14/2021) | 100000 | 0 |
| ആലപ്പുഴ ജില്ല പഞ്ചായത്ത് | 2020-21 | 100000 | അംഗൻവാടി പോഷകാഹാരം(24/2021) | 100000 | 0 |
| ആലപ്പുഴ ജില്ല പഞ്ചായത്ത് | 2019-20 | 500000 | അംഗൻവാടി കെട്ടിട നിർമ്മാണം(119/2021) | 580000 | 0 |
| ആലപ്പുഴ ജില്ല പഞ്ചായത്ത് | 2020-21 | 150000 | പാലിന് സബ്സിഡി(11/2021) | 184428 | 0 |
| ആലപ്പുഴ ജില്ല പഞ്ചായത്ത് | 2020-21 | 199999 | പാലിന് സബ്സിഡി(11/2021) | 199999 | 0 |
| | | | ആകെ | 1764427 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻ വർഷം 1260000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം ലൈഫ് | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | - | - | 25961764 | 2180431 | | 25041333 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം ലഭിച്ച 122715 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രസീത് നമ്പർ | തീയതി |
|---|---|---|---|---|---|
| 2007-08 | 3(1) | 39585 | ശ്രീ.രംഗനാഥകുറുപ്പ്,മെമ്പർ | 1200100309 | 17/11/2020 |
| 2007-08 | 3(1) | 39585 | രുഗ്മിണി രാജു | 1200100309 | 17/11/2020 |
| 2007-08 | 3(1) | 39585 | ലേഖ ഗോപൻ | 1200101044 | 23/12/2020 |
| 2007-08 | 3(1) | 1320 | ഗോമതി സഹദേവൻ | 1200101869 | 23/01/2021 |
| 2007-08 | 3(1) | 1320 | ഗോമതി സഹദേവൻ | 1200102361 | 20/02/2021 |
| 2007-08 | 3(1) | 1320 | ഗോമതി സഹദേവൻ | 1200103079 | 22/03/2021 |
| | | 122715 | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00 | 2003-04 | പബ്ലിക് മാർക്കറ്റ് റോഡ് ഗ്രാവലിംഗ് | അക്കൗണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-00 | 2003-04 | നികുതി പിരിവ്- പിഴപ്പലിശ ഈടാക്കിയിട്ടില്ല | |
| 1999-00 | 2003-04 | താറാവ് വിതരണം | |
| 2000-01 | 2003-04 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | |
| 2000-01 | 2003-04 | വനിത സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം | |
| 2000-01 | 2003-04 | മെതിയന്ത്രം-രസീതില്ല | |
| 2015-16 | 2016-17 | തൊഴിൽ നികുതി | 10.08.2018-ലെ X(1) തീരുമാന പ്രകാരം മറുപടി നൽകി |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70371652 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67507198 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1068649 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4500 | നിഷ എൻ തയ്യിൽ, സെക്രട്ടറി |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 150000 | ദീപ്തി നായർ, സെക്രട്ടറി |
| 1-17 | 88870 | നിഷ എൻ തയ്യിൽ, സെക്രട്ടറി |
| 1-18 | 33002 | നിഷ എൻ തയ്യിൽ, സെക്രട്ടറി |
| 1-19 | 148500 | ഉമ്മർ കുഞ്ഞ്.എം, എച്ച്.എം |
| 1-21 | 565306 | ഷാമില.എൻ, അസി.സെക്രട്ടറി |
| 1-26 | 66504 | ഗീത.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-27 | 16467 | ഡോ.അഞ്ജു ശ്രീധരൻ, എം.ഒ, പി.എച്ച്.സി |
| ആകെ | 1068649 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപ്തി നായർ, സെക്രട്ടറി | സെക്രട്ടറി, പാലമേൽ ഗ്രാമപഞ്ചായത്ത് | പുത്തൻകണ്ടത്തിൽ, മുതുകുളം |
| നിഷ എൻ തയ്യിൽ, സെക്രട്ടറി | സെക്രട്ടറി, ചേരോട് ഗ്രാമപഞ്ചായത്ത് | ഇന്ദുഭം, ഹരിപ്പാട് |
| ഉമ്മർ കുഞ്ഞ്.എം, എച്ച്.എം | ജി.എൽ.പി.എസ്, കുമാരപുരം | പുത്തൻപറമ്പിൽ, പാനൂർ, പല്ലന |
| ഷാമില.എൻ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കരുവാറ്റ | ദാറുസലാം, ഡാണാപ്പടി, മണ്ണാറശാല പി.ഒ |
| ഗീത.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | വിരമിച്ചു | കണ്ണമ്പള്ളി, മറ്റം സൗത്ത്, തട്ടാരമ്പലം പി.ഒ |

| | | |
|---|---|---|
| ഡോ.അഞ്ജു ശ്രീധരൻ, എം.ഒ, പി.എച്ച്.സി | പി.എച്ച്.സി, തൃക്കുന്നപ്പുഴ | ബംഗ്ലാവിൽ വീട്, കോമന, അമ്പലപ്പുഴ |

4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 1998-1999 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 03.02.12 |
| 2000-2001 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/ 04.02.12 |
| 2006-2007 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എപി3-1399/2012/14.07.2014 |
| 2012-2013 | എൽ.എഫ്.എപി3-09/2014/21.03.2015 |
| 2013-2014 | എൽ.എഫ്.എപി3-550/15/ 03.06.2015 |
| 2014-2015 | കെ.എസ്.എ/എഎൽ.പി/പി3-629/16/07.07.2017 |
| 2015-16 | കെ.എസ്.എ/എഎൽ.പി/പി3-730/17/15.01.2017 |
| 2016-17 | കെ.എസ്.എ/എഎൽ.പി/പി3-615/17/20.12.2017 |
| 2017-18 | കെ.എസ്.എ/എഎൽ.പി/പി3-1496 /2018/05.01.2019 |
| 2018-19 | കെ.എസ്.എ/എഎൽ.പി/പി3-1032 /2019/28.12.2019 |
| 2019-20 | കെ.എസ്.എ.എ.എൽ.പി- പി 3/ 563 /2021/05-07-21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്